20
2025
ഫെബ്രുവരി
വ്യാഴം
കുംഭം 8

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.79 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-79 | പേജ് 4. വില 2.00 രൂപ




02 സമുദ്രജൈവവൈവിധ്യ സംരക്ഷണം: കുട്ടികൾക്ക് കണ്ടൽ തൈകൾ നൽകി സിഎംഎഫ്ആർഐ

03 ബാബർ അസമിനെ പിന്തള്ളി; ഏകദിനത്തിൽ ശുഭ്മാൻ ഗിൽ നമ്പർ വൺ

04 ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളിൽ വിപ്ലവം സൃഷ്ടിക്കാൻ റെപ്സോൾ

# ബ്രൂവറിയുമായി സർക്കാർ മുന്നോട്ട്

തിരുവനന്തപുരം: പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറി നിർമാണവുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനം. ഇടതുമുന്നണി യോ?ഗത്തിലാണ് തീരുമാനമുണ്ടായത്. ആക്ഷേപങ്ങളൊഴിവാക്കി മുന്നോട്ടുപോകണമെന്നും യോ?ഗത്തിൽ തീരുമാനിച്ചു. സി.പി.ഐയുടേയും ആർ.ജെ.ഡിയുടേയും എതിർപ്പ് മറികടന്നാണ് ബ്രൂവറിയിൽ മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചത്.

സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, ആർ.ജെ.ഡി സെക്രട്ടറി ജനറൽ വർ?ഗീസ് ജോർജ് എന്നിവർ ബ്രൂവറി വിഷയത്തിൽ പാർട്ടിയുടെ എതിർപ്പ് അറിയിച്ചിരുന്നു. കുടിവെള്ള പ്രശ്നം ഉണ്ടാകില്ലെന്നും സർക്കാരിന്റെ അഭിമാന പദ്ധതിയാണിതെന്നുമാണ് സി.പി.എം സ്വീകരിച്ച നിലപാട്. കിഫ്ബി ടോളുമായി ബന്ധപ്പെട്ട് ഇപ്പോൾ ചർച്ച ചെയ്യേണ്ടതില്ലെന്നും യോഗത്തിൽ തീരുമാനിച്ചു.

സാധാരണഗതിയിൽ ഒന്നര മണിക്കൂറോളമെടുത്ത് തീരേണ്ട ഇടതുയോ?ഗം മൂന്ന് മണിക്കൂർ നീണ്ടു. സ്വകാര്യ സർവകലാശാല ഉൾപ്പെടെയുള്ള വിഷയങ്ങളും ചർച്ച ചെയ്തു.

## ഡൽഹി മുഖ്യമന്ത്രിയായി രേഖ ഗുപ്ത



ന്യൂഡൽഹി: തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന് പത്ത് ദിവസങ്ങൾക്ക് ശേഷം ഡൽഹിയുടെ പുതിയ മുഖ്യമന്ത്രിയെ പ്രഖ്യാപിച്ച് ബി.ജെ.പി. ഷാലിമാർ ബാഗ് മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എയായ രേഖ ഗുപ്തയാണ് ഡൽഹിയിലെ ബിജെപി സർക്കാരിനെ നയിക്കുക. രാജ്യതലസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാകുന്ന നാലാമത്തെ വനിതയാകും രേഖ ഗുപ്ത. സുഷമ സ്വരാജ്, ഷീല ദീക്ഷിത്, അതിഷി എന്നിവർക്ക് ശേഷം ഡൽഹിയുടെ നാലാമത്തെ വനിതാ മുഖ്യമന്ത്രിയായി രേഖ ഗുപ്ത വ്യാഴാഴ്ച സത്യപ്രതിജ്ഞ ചെയ്യും.

രാംലീലാ മൈതാനത്താണ് സത്യപ്രതിജ്ഞ നടക്കുക. ഡൽഹി ഉപമുഖ്യമന്ത്രിയായി പർവേശ് വർമ്മയേയും സ്പീക്കറായി വിജേന്ദർ ഗുപ്തയേയുമാണ് തീരുമാനിച്ചത്.

ആം ആദ്മി പാർട്ടിയുടെ ബന്ദന കുമാരിയെ 29,595 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് രേഖ ഗുപ്ത ഷാലിമാർ ബാഗിന്റെ എം.എൽ.എ ആയത്. ബി.ജെ.പിയുടെ ദേശീയ എക്സിക്യൂട്ടീവ് അംഗവും ഡൽഹി ഘടകത്തിന്റെ ജനറൽ സെക്രട്ടറിയുമാണ്.

ഡൽഹി സർവ്വകലാശാലാ വിദ്യാർഥി യൂണിയന്റെ (ഡി.യു.എസ്.യു) മുൻ പ്രസിഡന്റാണ് രേഖ ഗുപ്ത. 1996 97 വർഷത്തിലാണ് ഇവർ ഡി.യു.എസ്.യുവിനെ നയിച്ചത്. 2007ലും 2012ലും ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ വിജയിച്ച് കൗൺസിലറായി.

നീണ്ട 27 വർഷങ്ങൾക്ക് ശേഷമാണ് രാജ്യതലസ്ഥാനത്ത് ബി.ജെ.പി അധികാരത്തിലെത്തുന്നത്. അതിനാൽ തന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, എൻ.ഡി.എ. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ഉപമുഖ്യമന്ത്രിമാർ, എൻ.ഡി.എ. ദേശീയനേതാക്കൾ തുടങ്ങി ഒട്ടേറെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

70 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 48 സീറ്റുകളിൽ വിജയിച്ചാണ് ബി.ജെ.പി. ഡൽഹിയുടെ ഭരണം പിടിച്ചത്. ഭരണകക്ഷിയായിരുന്ന എ.എ.പി. 22 സീറ്റുകളിൽ ഒതുങ്ങി. ഇത്തവണയും കോൺഗ്രസിന് സീറ്റുകളൊന്നും കിട്ടിയിരുന്നില്ല.

## 'നവംബർ ഒന്നിന് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറും, മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയാവും'



ഗുരുവായൂർ: അടുത്ത നവംബർ ഒന്നിന് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഗുരുവായൂരിൽ പ്രഖ്യാപിച്ചു. അതോടെ രാജ്യത്തുതന്നെ ഈയൊരു നേട്ടം കൈവരിക്കുന്ന ആദ്യത്തെ സംസ്ഥാനം കേരളമായിരിക്കുമെന്നും അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗുരുവായൂരിൽ സംസ്ഥാന തദ്ദേശ ദിനാഘോഷത്തിന്റെ സമാപനം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. അതിദരിദ്രരില്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യം വിജയിപ്പിക്കുന്നതിനുവേണ്ടി ഓരോ തദ്ദേശ സ്ഥാപനങ്ങളും നന്നായി ശ്രമിക്കുന്നുണ്ടെന്നറിയാം. സ്വന്തം വാർഡുകളിൽ അതിദരിദ്ര പട്ടികയിൽപെടുന്നവരില്ലെന്ന് ജനപ്രതിനിധികൾ ഉറപ്പുവരുത്തണം. ഇനി എട്ടു മാസം മാത്രമാണ് ബാക്കിയുള്ളത്. അതിനുള്ളിൽ കൂടുതൽ ജാഗ്രതയോടെ വേണം പ്രവർത്തിക്കാൻ അദ്ദേഹം പറഞ്ഞു.

സംസ്ഥാനം കൈവരിച്ച ഓരോ നേട്ടങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വലുതാണ്. ആരോഗ്യം,മാലിന്യ നിർമാർജ്ജനം തുടങ്ങീ സമഗ്ര മേഖലകളിലും കേരളത്തിന്റെ മുന്നേറ്റത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ സജീവമായ ഇടപെടലുകൾ എടുത്തുപറയേണ്ടതുതന്നെയാണ്. നവകേരള സൃഷ്ടിയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ലക്ഷ്യമിടുന്നത്.അത് യാഥാർത്ഥ്യമാക്കാനും തദ്ദേശ സ്ഥാപനങ്ങൾ ക്രിയാത്മകമായ പങ്ക് വഹിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ വകുപ്പ് മന്ത്രി എം.ബി.രാജേഷ് അധ്യക്ഷനായി.

എം.എൽ.എ.മാരായ എൻ.കെ.അക്ബർ, മുരളി പെരുനെല്ലി, പി.മമ്മിക്കുട്ടി, തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ, ഗുരുവായൂർ നഗരസഭാ ചെയർമാൻ എം.കൃഷ്ണദാസ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ്, തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, തൃശ്ശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

## ആശാവർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കും: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്തെ ആശാവർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കാൻ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആശമാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആശമാരുടെ സംഘടനാ പ്രതിനിധികളുമായി ഫെബ്രുവരി 6ന് നടത്തിയ ചർച്ചയിലെ പ്രധാന ആവശ്യമാണ് ഇതിലൂടെ നടപ്പിലാക്കിയത്. ചർച്ചയുടെ അടിസ്ഥാനത്തിൽ ആശമാരുടെ സർക്കുലർ പരിഷ്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിലേയും എൻ.എച്ച്.എം.ലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാനും ഈ കമ്മിറ്റി പഠനം നടത്തി ഉപാധിരഹിത ഓണറേറിയം സംബന്ധിച്ച തീരുമാനത്തിനായി രണ്ടാഴ്ച്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകുവാനും മന്ത്രി നിർദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഏഴാം തീയതി സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഓണറേറിയത്തിനായുള്ള മുഴുവൻ ഉപാധികളും ഒഴിവാക്കാൻ തീരുമാനിച്ചത്.

ആശമാർ ഉന്നയിച്ചിരുന്ന മറ്റൊരു ആവശ്യമായ ശൈലി ആപ്ലിക്കേഷനിലെ ഒടിപി സംവിധാനം നിർത്തലാക്കാൻ ഇ ഹെൽത്തിന് നിർദേശം നൽകി. ആശമാർക്ക് 3 മാസത്തെ ഓണറേറിയവും അനുവദിച്ചിട്ടുണ്ട്. ഇന്ന് മുതൽ ഓണറേറിയം വിതരണം ചെയ്യും. ആശമാരുടെ ഇൻസെന്റീവ് വർധിപ്പിക്കാനായി ആരോഗ്യ വകുപ്പ് മന്ത്രി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിൽ അനുകൂല തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സമൂഹമാധ്യമങ്ങളിൽ അഭിപ്രായം പറയുന്ന സ്ത്രീകൾ നേരിടുന്നത് ആയിരംമടങ്ങ് എതിർപ്പ്: മാധ്യമ സെമിനാർ

ശബ്ദം ഉയർത്തുന്ന സ്ത്രീകൾക്കെതിരേ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നുമുണ്ടാകുന്ന എതിർപ്പുകളുടെ ആയിരം മടങ്ങാണ് സമൂഹമാധ്യമങ്ങളിൽ നിന്നുണ്ടാകുന്നതെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിനോടനുബന്ധിച്ച് നടന്ന 'സമൂഹമാധ്യമങ്ങളിലെ സ്ത്രീ' എന്ന വിഷയത്തിലെ സെമിനാർ. സമൂഹത്തിന്റെ പരിച്ഛേദമാണ് സമൂഹമാധ്യമങ്ങളിലും കാണുന്നതെന്നും പുരുഷാധിപത്യസമൂഹം രൂപപ്പെടുത്തിയ പൊതുബോധത്തെ ഉടച്ചുവാർത്തുകൊണ്ടേ സമൂഹമാധ്യമങ്ങളിൽ ശുദ്ധീകരണം സാധ്യമാകൂ എന്നും സെമിനാറിൽ അഭിപ്രായമുയർന്നു. സൈബർ ആക്രമണമങ്ങൾക്കെതിരേയുള്ള പരാതികളിൽ കൂടുതൽ വേഗത്തിലുള്ള പരിഹാരത്തിന് സർക്കാർ നടപടിയെടുക്കണമെന്നും ആവശ്യമുയർന്നു.

സമൂഹമാധ്യമങ്ങളിലെ അഭിപ്രായപ്രകടനങ്ങൾക്കെതിരേയുള്ള സംഘടിതമായ ബലാത്സംഗ ഭീഷണികൾക്കും ട്രോൾ ആർമികൾക്കും കോർപറേറ്റ് സ്വഭാവമാണുള്ളതെന്ന് എഴുത്തുകാരിയായ മീന കന്ദസാമി പറഞ്ഞു. ഇതിനെ പുരുഷത്വത്തിന്റെ ശക്തിപ്രകടനമായൊന്നും കാണേണ്ടതില്ല. സമൂഹമാധ്യമങ്ങളെ ആരാണ് നിയന്ത്രിക്കുന്നത് എന്നതാണ് ചിന്തിക്കേണ്ടതെന്നും മീന കന്ദസാമി പറഞ്ഞു. സമൂഹമാധ്യമങ്ങൾ ശരിക്കും യുദ്ധഭൂമികയാണെന്നും അവർ പറഞ്ഞു.

ഐ.ടി. ആക്ട് 66 എ വകുപ്പ് റദ്ദാക്കിയത് എന്തും വിളിച്ചുപറയാനുള്ള അവകാശമായി ആളുകൾ തെറ്റിദ്ധരിക്കുന്നുണ്ടെന്ന് വനിതാ കമ്മിഷൻ അധ്യക്ഷയായ പി. സതീദേവി ചൂണ്ടിക്കാട്ടി. മറ്റുള്ളവരുടെ മാനാഭിമാനത്തെപ്പോലും ബാധിക്കുന്ന തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ ഉയർന്നുവരുന്നുണ്ട്. 66എ വകുപ്പ് ഭേദഗതികളോടെ നിലനിർത്താനായെങ്കിൽ ഓൺലൈൻ ആക്രമണങ്ങൾക്കെതിരേ നിയന്ത്രണങ്ങൾ സാധ്യമാകുമായിരുന്നു എന്നാണ് കരുതുന്നതെന്നും അവർ പറഞ്ഞു.

ജനാതിപത്യ ഇടങ്ങളായാണ് സമൂഹമാധ്യമങ്ങൾ തുടക്കത്തിൽ കരുതപ്പെട്ടിരുന്നതെങ്കിൽ സംഘടിതമായ ആക്രമണങ്ങളുടെ വരവോടെ അത് മോശപ്പെട്ട ഇടമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ട്രൂകോപ്പി ഓൺലൈൻ മാസികയുടെ എഡിറ്റർ മനില സി. മോഹൻ ചൂണ്ടിക്കാട്ടി. രാഷ്ട്രീയ രംഗത്തുള്ള സ്ത്രീകൾ സമൂഹമാധ്യമങ്ങളിൽ ആക്രമണം നേരിടുമ്പോൾ അവർക്ക് സംരക്ഷണം ഒരുക്കാൻ അവരുടെ അനുഭാവികളുടെയെങ്കിലും പിന്തുണയുണ്ട്. എന്നാൽ മാധ്യമപ്രവർത്തകരായ സ്ത്രീകൾക്ക് നേരേയുണ്ടാകുന്ന ആക്രമണങ്ങളിൽ സഹപ്രവർത്തകർ പോലും പിന്തുണ നൽകാറില്ലെന്നും ഒറ്റയ്ക്ക് തന്നെ പോരാടേണ്ടിവരുമെന്നും അവർ പറഞ്ഞു.

### കടുത്ത ന്യൂമോണിയ; ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില സങ്കീർണമെന്ന് വത്തിക്കാൻ

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയ്ക്ക് കടുത്ത ന്യൂമോണിയ ബാധിച്ചതായി വത്തിക്കാൻ. ഇത് അദ്ദേഹത്തിന്റെ ആരോഗ്യനില കൂടുതൽ സങ്കീർമാക്കിയെന്നും വത്തിക്കാൻ അറിയിച്ചു.

88-കാരനായ മാർപാപ്പ കഴിഞ്ഞ ഒരാഴ്ചയായി ശ്വാസകോശ അണുബാധയെ തുടർന്ന് ചികിത്സയിലാണ്. നാല് ദിവസമായി റോമിലെ ജെമെല്ലി ആശുപത്രിയിൽ കഴിയുകയാണ്. പോളി മൈക്രോബിയൽ അണുബാധയുണ്ടെന്നായിരുന്നു നേരത്തെ കണ്ടെത്തിയിരുന്നത്. ഇന്ന് സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രതിവാര സദസ് റദ്ദാക്കിയിട്ടുണ്ട്. ആരോഗ്യാവസ്ഥ തൃപ്തികരമല്ലെങ്കിലും അദ്ദേഹം സന്തോഷവാനാണെന്നും വത്തിക്കാൻ അറിയിച്ചു. വി. കുർബാന സ്വീകരിച്ച മാർപാപ്പ പ്രാർഥനയിലും വായനയിലുമായാണ് സമയം ചെലവഴിക്കുന്നത്. എല്ലാവരുടെയും പിന്തുണയ്ക്ക് മാർപാപ്പ നന്ദി അറിയിച്ചതായും തുടർന്നും അദ്ദേഹത്തിന് വേണ്ടിയുള്ള പ്രാർഥന തുടരണമെന്നും വത്തിക്കാൻ അറിയിച്ചു.

## മുല്ലപ്പെരിയാർ കേസിൽ നിർണായക നിർദേശവുമായി സുപ്രീംകോടതി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട കേസിൽ നിർണായക നിർദേശങ്ങളുമായി സുപ്രീംകോടതി. മേൽനോട്ട സമിതി ഇരുഭാഗത്തും സ്വീകാര്യമാകുന്ന പരിഹാരം കണ്ടെത്തണമെന്ന് സുപ്രീം കോടതി നിർദേശിച്ചു.

പുതിയതായി രൂപീകരിച്ച മേൽനോട്ട സമിതി തമിഴ്നാട് ഉന്നയിക്കുന്ന വിഷയങ്ങൾ പരിഗണിക്കണം. തുടർന്ന് കേരളത്തിനും തമിഴ്നാടിനും സ്വീകാര്യമാകുന്ന പരിഹാരം കണ്ടെത്തണമെന്നും കോടതി നിർദേശിച്ചു. തർക്കമുണ്ടെങ്കിൽ മേൽനോട്ട സമിതി കോടതിക്ക് റിപ്പോർട്ട് നൽകണമെന്നും വ്യക്തമാക്കി.





*കണ്ടൽതൈകളുമായി ബൊൾഗാട്ടി സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ വിദ്യാർത്ഥികൾ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ശാസ്ത്രജ്ഞർ, പരിശീലന കോഴ്സിൽ പങ്കെടുക്കാനെത്തിയ ഗവേഷകർ എന്നിവർക്കൊപ്പം.*

# സമുദ്രജൈവവൈവിധ്യ സംരക്ഷണം: സ്കൂൾ വിദ്യാർത്ഥികൾക്ക് കണ്ടൽ തൈകൾ നൽകി സിഎംഎഫ്ആർഐ

കൊച്ചി: സ്കൂൾ പരിസരത്ത് നട്ട് പിടിപ്പിക്കാൻ കണ്ടൽ തൈകൾ നൽകി വിദ്യാർത്ഥികൾക്ക് സിഎംഎഫ്ആർഐയുടെ ജൈവവൈവിധ്യ സംരക്ഷണ പാഠം. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് (ഐസിഎആർ) കീഴിലുള്ള സ്ഥാപനങ്ങളിലെ ഗവേഷകർക്കുള്ള ഹ്രസ്വകാല പരിശീലന കോഴ്സിന്റെ

ഉദ്ഘാടനത്തോടനുബന്ധിച്ചായിരുന്നു വിദ്യാർത്ഥികൾക്ക് ബോധവൽകരണം. ബൊൾഗാട്ടി സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. പരിശീലന കോഴ്സിൽ പങ്കെടുക്കാനെത്തിയ ഗവേഷകരാണ് കണ്ടൽ തൈകൾ വിതരണം ചെയ്തത്.

തൈകൾ നട്ടുപിടിപ്പിച്ച് കണ്ടൽകാടുകളാക്കി വികസിപ്പിക്കാൻ വിദ്യാർത്ഥികളോട് നിർദേശിച്ചു. ഇതിന്റെ വളർച്ച നിരീക്ഷിക്കാനും പരിപാലനം മെച്ചപ്പെടുത്താനും ആവശ്യമായ മാർഗനിർദേശം നൽകി സിഎംഎഫ്ആർഐ വിദ്യാർത്ഥികളെ സഹായിക്കും.

സമുദ്രജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ശാസ്ത്രീയ രീതികളാണ് 10 ദിവസത്തെ കോഴ്സിൽ പരിശീലിപ്പിക്കുന്നത്. കോഴ്സിന്റെ ഉദ്ഘാടനം ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു. കടലോര മേഖലയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതം കുറക്കാൻ കണ്ടൽകാടുകൾ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. കടൽക്ഷോഭം, കടൽകയറ്റം, തീരപ്രളയം എന്നിവയെ പ്രതിരോധിക്കാനുള്ള ജൈവപരിചയാണ് കണ്ടൽകാടുകളെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.കോഴ്സ് ഡയറക്ടർ ഡോ രേഖ നായർ, ഡോ വൈശാഖ് ജി, ഡോ ഷെൽട്ടൻ പാദുവ എന്നിവർ സംസാരിച്ചു.

# റിക്കാർഡ് ലക്ഷ്യമായി സ്വർണക്കുതിപ്പ്; ഒറ്റയടിക്ക് കൂടിയത് 520 രൂപ, വീണ്ടും 64,000 കടന്നു

കൊച്ചി: സംസ്ഥാനത്ത് സ്വർണവില കുതിപ്പ് തുടരുന്നു. പവൻ വില വീണ്ടും 64,000 കടന്നു. ഇന്ന് പവന് 520 രൂപയും ഗ്രാമിന് 65 രൂപയുമാണ് കൂടിയത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 64,280 രൂപയിലും ഗ്രാമിന് 8,035 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന്റെ വില 6,610 രൂപയാണ്.

ശനിയാഴ്ചത്തെ വൻവീഴ്ചയ്ക്കും വിശ്രമത്തിനും ശേഷം തിങ്കളാഴ്ച കുതിച്ചുയർന്ന സ്വർണവില പവന് 400 രൂപ കൂടിയിരുന്നു. പിന്നാലെ ചൊവ്വാഴ്ച 240 രൂപയും കൂടി. ഇതോടെ, കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ മാത്രം പവന് 2,640 രൂപയും ഗ്രാമിന് 330 രൂപയുമാണ് ഉയർന്നത്. എട്ടു ദിവസത്തെ ഇടവേളയ്ക്കുശേഷമാണ് പവൻ വീണ്ടും 64,000 രൂപ കടന്നത്.

ഈമാസം 11ന് രേഖപ്പെടുത്തിയ പവന് 64,480 രൂപയും ഗ്രാമിന് 8,035 രൂപയുമാണ് കേരളത്തിന്റെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന വില. അതു മറികടക്കാൻ പവന് മുന്നിലുള്ളത് 200 രൂപയുടെയും ഗ്രാമിന് 25 രൂപയുടെയും അകലം മാത്രമാണ്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. തുടർന്ന് 24ന് 60,440 രൂപയായി ഉയർന്ന് സർവകാല റിക്കാർഡിലെത്തി. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടിയിരുന്നു.

ഈ മാസം ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. മൂന്നിന് 320 രൂപ ഇടിഞ്ഞെങ്കിലും പിന്നീട് വീണ്ടും കുതിച്ചു. നാലിന് ഒറ്റയടിക്ക് 840 രൂപയും അഞ്ചിന് 760 രൂപയും ആറിന് 200 രൂപയും ഉയരുകയായിരുന്നു.

തുടർന്ന് ഏഴിന് മാറ്റമില്ലാതെ തുടർന്ന ശേഷം എട്ടിന് 120 രൂപയും 10ന് 280 രൂപയും ഉയർന്ന സ്വർണം പിന്നീട് 64,000 രൂപയും കടന്നു കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. വീണ്ടും റിക്കാർഡ് ഉയരത്തിലേക്ക് മുന്നേറുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിലാണ് ശനിയാഴ്ച സ്വർണവിലയിൽ 800 രൂപ ഇടിഞ്ഞത്. പിന്നീട് വീണ്ടും കുതിപ്പ് വീണ്ടെടുത്ത സ്വർണം റിക്കാർഡ് ലക്ഷ്യമാക്കി മുന്നേറുകയാണ്.

ആഗോള വിപണിയിലെ ചലനങ്ങളും ഡോളർ ശക്തിയാർജിക്കുന്നത് അടക്കമുള്ള ഘടകങ്ങളുമാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് രണ്ടാമതും അധികാരത്തിലേറിയശേഷം ആരംഭിച്ച 'താരിഫ്' യുദ്ധമാണ് സ്വർണവില കുതിച്ചുയരാൻ മുഖ്യകാരണം. രാജ്യാന്തരവില ഔൺസിന് 30 ഡോളറോളം ഉയർന്ന് 2,939 ഡോളറിലെത്തി. ഇപ്പോൾ വ്യാപാരം പുരോഗമിക്കുന്നത് 2,927 ഡോളറിലാണ്.

അതേസമയം, വെള്ളി നിരക്കിൽ മാറ്റമില്ല. ഒരു ഗ്രാം സാധാരണ വെള്ളിക്ക് ഒരുരൂപ കൂടി 107 രൂപയിലാണ് വ്യാപാരം നടക്കുന്നത്.

## ഭാര്യയെ കുത്തി പരിക്കേൽപ്പിച്ചു; ഭർത്താവ് കസ്റ്റഡിയിൽ

കണ്ണൂർ: ധർമ്മടത്ത് ഭർത്താവ് ഭാര്യയെ കുത്തി പരിക്കേൽപ്പിച്ചു. പാറപ്രം സ്വദേശി മഹിജയ്ക്കാണ് പരിക്കേറ്റത്.സംഭവത്തിൽ ഭർത്താവ് മണികണ്ഠനെ പോലീസ് കസ്റ്റഡിയിലെടുത്തു. ചൊവ്വാഴ്ച വൈകുന്നേരം ആറരയോടെയാണ് സംഭവം.മഹിജ ജോലി കഴിഞ്ഞു വരുന്നതിനിടെ വഴിയിൽ തടഞ്ഞു നിർത്തിയാണ് മണികണ്ഠൻ ആക്രമണം നടത്തിയത്. നെഞ്ചിനും വയറിനും ആണ് കുത്തേറ്റത്.ആളുകൾ ഓടിക്കൂടിയാണ് മഹിജയെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കുടുംബപ്രശ്നമാണ് ആക്രമണത്തിന് കാരണമെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. മണികണ്ഠനെ പോലീസ് ചോദ്യം ചെയ്ത് വരികയാണ്.

## പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം വർധിപ്പിച്ചു

തിരുവനന്തപുരം: പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിച്ചു. ഇന്നു ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്.

പിഎസ്സി ചെയർമാന് ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യവും അംഗങ്ങൾക്കുള്ള ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യവുമാക്കിയുള്ള വർധനവിനാണ് മന്ത്രിസഭാ യോഗം അനുമതി നൽകിയത്.

മറ്റു സംസ്ഥാനങ്ങളിലെ പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും വേതന വ്യവസ്ഥകൾ പരിഗണിച്ചാണ് വർധന വരുത്തിയത്. മുൻപ് രണ്ടു പ്രാവശ്യം ശമ്പള വർധന വേണമെന്ന പിഎസ്സി ബോർഡിന്റെ ശിപാർശ സർക്കാർ മാറ്റി വച്ചിരുന്നു.

## ഡിവൈഎഫ്ഐയുടെ പരിപാടിയിൽ തരൂർ പങ്കെടുക്കില്ല: കെ.സുധാകരൻ

കോഴിക്കോട്: ഡിവൈഎഫ്ഐയുടെ പരിപാടിയിൽ ശശി തരൂർ പങ്കെടുക്കില്ലെന്ന് കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ. നേതൃത്വത്തിൽ ഇരുന്ന് പറയാൻ പാടില്ലാത്തതാണ് തരൂർ പറഞ്ഞത്. പക്ഷേ അതിന്റെ പേരിൽ തൂക്കിക്കൊല്ലാൻ പറ്റില്ലെന്ന് സുധാകരൻ പ്രതികരിച്ചു.

നേതാക്കളുടെ പ്രതികരണം അവരുടെ സ്വഭാവം അനുസരിച്ചാണ്. വ്യാവസായിക വളർച്ചയിൽ ശശി തരൂരിന്റെ പ്രസ്താവന പൂർണ അർത്ഥത്തിൽ അല്ല. ചില അർധസത്യങ്ങൾ ഉണ്ടെന്ന മട്ടിൽ ആയിരുന്നു പ്രസ്താവന നടത്തിയത്.പാർട്ടി തീരുമാനത്തോടെ പ്രശ്നം അവസാനിച്ചു. വലിയ ദ്രോഹമൊന്നും തരൂർ പറഞ്ഞിട്ടില്ലെന്നും സുധാകരൻ കൂട്ടിച്ചേർത്തു.തിരുവനന്തപുരത്ത് നടക്കാനിരിക്കുന്ന സ്റ്റാർട്ട് അപ് ഫെസ്റ്റിവലിലേക്കാണ് തരൂരിനെ ഡിവൈഎഫ്ഐ ക്ഷണിച്ചത്. മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ തിരുവനന്തപുരത്താണ് പരിപാടി. എന്നാൽ സൂറത്തിൽ പരിപാടി ഉള്ളത് കൊണ്ട് പങ്കെടുക്കാൻ ആകില്ലെന്ന് തരൂർ വ്യക്തമാക്കി. അതേസമയം പരിപാടിക്ക് തരൂർ ആശംസകൾ നേർന്നിരുന്നു.കേരളത്തിൽ സ്റ്റാർട്ട് അപ്പ് മേഖലയിലെ വളർച്ചയെ പ്രശംസിച്ച് ശശി തരൂർ ഇന്ത്യൻ എക്സ്പ്രസിൽ എഴുതിയ ലേഖനം ഏറെ വിവാദമായ പശ്ചാത്തലത്തിൽ കൂടിയാണ് ഡിവൈഎഫ്ഐയുടെ ക്ഷണം.

## വാരിക്കോരി നല്കി ജയിപ്പിക്കില്ല; എഴാംക്ലാസ് മുതൽ താഴേക്കും ഓൾപാസ് ഒഴിവാക്കാൻ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്ത് ഹൈസ്കൂളിന് പുറമെ എഴാം ക്ലാസ് മുതൽ താഴേത്തട്ടിലേക്കും ഓൾ പാസ് ഒഴിവാക്കൽ ഘട്ടം ഘട്ടമായി നടപ്പാക്കാൻ വിദ്യാഭ്യാസവകുപ്പ്. വാരിക്കോരി മാർക്ക് നല്കി ഓൾ പാസ് നല്കുന്നതിനെതിരേ വ്യാപക വിമർശനം ഉയർന്നതോടെയാണ് തീരുമാനം.ഈ വർഷം എട്ടാം ക്ലാസിലും അടുത്ത വർഷം ഒൻപതിലും പിന്നീട് പത്തിലും ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ധാരണ. തുടർന്ന് ഏഴിലും പിന്നെ താഴേത്തട്ടിലേക്കും കൂടി എഴുത്തുപരീക്ഷക്ക് മിനിമം മാർക്ക് നിർബന്ധമാക്കാനാണ് നീക്കം.

എഴുത്തുപരീക്ഷക്ക് ആകെയുള്ള മാർക്കിൻറെ 30 ശതമാനമാണ് പാസിന് വേണ്ടത്. പക്ഷെ മിനിമം മാർക്ക് കിട്ടിയില്ലെങ്കിൽ വിദ്യാർഥിയെ തോൽപ്പിക്കില്ല. പരിശീലനം നൽകി ആ അധ്യയനവർഷം തന്നെ പുതിയ പരീക്ഷ നടത്തി അവസരം നൽകും. സ്റ്റേറ്റ് അച്ചീവ്മെൻറ് ടെസ്റ്റ് എന്ന പേരിൽ മാർക്ക് കുറഞ്ഞവർക്ക് വാർഷിക പരീക്ഷക്ക് മുമ്പ് പ്രത്യേക പരിശീലനവും നൽകും.മൂന്നു മുതൽ ഒമ്പതു വരെയുള്ള ക്ലാസുകളിൽ കണക്ക്, സയൻസ്, ഭാഷ, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠന നിലവാരം ഉറപ്പാക്കാൻ അടുത്ത വർഷം മുതൽ പ്രത്യേക പരീക്ഷ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി സെമിനാറിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

## കുടിശിക അദാലത്ത് ക്യാമ്പ്

കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കുടിശിക അദാലത്ത് ക്യാമ്പുകൾ നടത്തും. ബോർഡിൽ അംഗത്വമുള്ള കുടിശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. അല്ലാത്തപക്ഷം ഏപ്രിലിൽ റവന്യു റിക്കവറി അടക്കമുള്ള നിയമനടപടികൾ നേരിടേണ്ടി വരും.

## മദ്യ ലഹരിയിൽ യുവതി ബസിനുള്ളിൽ ആഴിഞ്ഞാടി; നിരവധിപേർക്ക് പരിക്ക്

കോട്ടയം: മദ്യപിച്ച് ബസിൽ യാത്ര ചെയ്ത യുവതി യാത്രക്കാരെ ആക്രമിച്ചതായി പരാതി. ചൊവ്വാഴ്ച വൈകുന്നേരം വാഴൂർ പതിനാലാം മൈലിൽ നടന്ന സംഭവത്തിൽ പാലാ സ്വദേശിനി ബിന്ദു വേലുവിനെ പള്ളിക്കത്തോട് പോലീസ് അറസ്റ്റ് ചെയ്തു.

ചങ്ങനാശേരിയിൽ നിന്നും പുഞ്ചവയലിലേക്ക് പോയ സ്വകാര്യ ബസിനുള്ളിലാണ് മദ്യപിച്ച് ലെക്കുകെട്ട ബിന്ദു അക്രമം അഴിച്ചു വിട്ടത്. ബസിനുള്ളിൽ വച്ച് സ്ത്രീകളെ അസഭ്യം പറഞ്ഞ ബിന്ദു പിന്നീട് ആക്രമണം നടത്തുകയായിരുന്നു.

ബസ് പതിനാലാം മൈൽ എത്തിയപ്പോഴേക്കും ബിന്ദുവിനെ ബലമായി ഇറക്കി വിട്ടു. ഇതിനിടയിൽ ഒരു യാത്രക്കാരിയെ മുടിയിൽ ചുറ്റി പിടിച്ച് കറക്കി താഴെയിട്ടു. ഇതോടെ നാട്ടുകാർ ഇടപെട്ടു. ഏറെ പണിപ്പെട്ടാണ് യാത്രക്കാരിയെ നാട്ടുകാർ രക്ഷിച്ച് ബസിലേക്ക് കയറ്റിവിട്ടത്.

തുടർന്ന് പള്ളിക്കത്തോട് പോലീസ് സ്ഥലത്ത് എത്തി ബിന്ദുവിനെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. മെഡിക്കൽ പരിശോധനയിൽ യുവതി മദ്യപിച്ചതായി തെളിഞ്ഞെന്ന് പോലീസ് പറഞ്ഞു. പിന്നീട് ബന്ധുവിനെ വിളിച്ചു വരുത്തിയ ശേഷം യുവതിയെ ജാമ്യത്തിൽ വിട്ടു.

മർദനമേറ്റവർ പരാതിയുമായി വന്നാൽ ബിന്ദുവിനെതിരെ കൂടുതൽ വകുപ്പുകൾ ചുമത്തുമെന്ന് പള്ളിക്കത്തോട് പോലീസ് അറിയിച്ചു.

## ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടയിൽ യുവാവ് കുഴഞ്ഞുവീണു മരിച്ചു

കൽപ്പറ്റ: വയനാട് അമ്പലവയലിൽ ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടയിൽ യുവാവ് കുഴഞ്ഞുവീണു മരിച്ചു. അമ്പലവയൽ കുപ്പക്കൊല്ലി സ്വദേശി സൽമാൻ (20) ആണ് മരിച്ചത്.

ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഇന്ന് രാവിലെയാണ് സംഭവം. കോഴിക്കോട് മിംസ് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെയാണ് മരണം സംഭവിച്ചത്.

സൽമാന് മറ്റ് അസുഖങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നാണ് വിവരം. ഹൃദയാഘാതമാണ് മരണ കാരണമെന്നാണ് പ്രാഥമിക വിവരം. പിതാവിനൊപ്പം പച്ചക്കറി കടയിൽ ജോലി ചെയ്യുകയായിരുന്നു സൽമാൻ.

## ദ്വിദിന പരിശീലനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചങ്ങനാശ്ശേരിയിലെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ ഫെബ്രുവരി 21നും 22നും ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്ന വിഷയത്തിൽ പൊതുജനങ്ങൾക്കായി ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ: 9744665687, 7907856226 ഇമെയിൽ: cfscchry@gmail.com .

## മൂന്നാർ എക്കോ പോയിൻറിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് അപകടം; ഒരാൾ മരിച്ചു; നിരവധി പേർക്ക് പരിക്ക്

ഇടുക്കി: മൂന്നാർ മാട്ടുപ്പെട്ടിയിൽ എക്കോ പോയിൻറിന് സമീപം ടൂറിസ്റ്റ് ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. അപകടത്തിൽ നിരവധി പേർക്ക് പരിക്കുണ്ട്. ഇവരെ ആശുപത്രിയിലേക്ക് മാറ്റി.

പരിക്കേറ്റ ഒരാളുടെ നില ഗുരുതരമാണ്. കന്യാകുമാരിയിൽനിന്നുള്ള 40 വിദ്യാർഥികൾ സഞ്ചരിച്ച ബസാണ് അപകടത്തിൽപ്പെട്ടത്.

ഇന്ന് ഉച്ചയ്ക്ക് ശേഷമാണ് അപകടം. അമിതവേഗതയിലായിരുന്ന ബസ് നിയന്ത്രണം വിട്ട് മറിയുകയായിരുന്നെന്നാണ് വിവരം.

## ചൂരൽമലയിൽ പുതിയ പാലം നിർമിക്കും: 35 കോടിയുടെ പദ്ധതിക്ക്അംഗീകാരം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടലിൽ തകർന്ന ചൂരൽമല പാലം പുനർനിർമിക്കും. ഇതിനായി 35 കോടി രുപയുടെ പദ്ധതി നിർദേശം അംഗീകരിച്ചതായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു.

ചൂരൽമല ടൗണിൽനിന്നു മുണ്ടക്കൈ റോഡിലേക്ക് എത്തുന്ന രീതിയിലാണ് പാലം നിർമിക്കുക. മേപ്പാടിയെ മുണ്ടക്കൈ, അട്ടമലയുമായി ബന്ധിപ്പിച്ചിരുന്ന പാലമാണ് പുനർനിർമിക്കുന്നത്.കഴിഞ്ഞ ദുരന്തകാലത്ത് പുഴയിലുണ്ടായ പരമാവധി ഉയർന്ന വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തി അതിനെക്കാൾ ഉയരത്തിലായിരിക്കും പാലം പണിയുക. മുൻപുണ്ടായിരുന്ന പാലത്തിനെക്കാൾ ഉയരം പുതിയ പാലത്തിനുണ്ടാവും.

267.95 മീറ്ററായിരിക്കും പാലത്തിന്റെ നീളം. പുഴയുടെ മുകളിൽ 107 മീറ്ററും ഇരു കരകളിലും 80 മീറ്റർ വീതവും നീളവും പാലത്തിനുണ്ടാവും. വെള്ളത്തിൽ തൂണുകളുണ്ടാവില്ല. ഇരു കരകളിലുമാണ് പാലത്തിന്റെ അടിസ്ഥാനം നിർമിക്കുക.

കഴിഞ്ഞവർഷം ജൂലൈ 30നാണ് ഉരുൾപ്പെട്ടലിനെത്തുർന്നുണ്ടായ മലവെള്ളപ്പാച്ചലിൽ പാലം തകർന്നത്.

# 2024ലെ വ്യവസായിക സുരക്ഷിതത്വ അവാർഡുകൾ പ്രഖ്യാപിച്ചു

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ വ്യാവസായിക സുരക്ഷിതത്വ അവാർഡുകൾ തൊഴിൽ, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പ്രഖ്യാപിച്ചു. അപകടരഹിത സുരക്ഷിത തൊഴിലിടം എന്ന ലക്ഷ്യം മുൻനിറുത്തി സുരക്ഷിത തൊഴിൽ സാഹചര്യം ഒരുക്കുന്ന വ്യവസായശാലകൾക്കാണ് അവാർഡ് നൽകുന്നത്. ദേശീയ സുരക്ഷിതത്വ ദിനമായ മാർച്ച് 4 ന് മാസ്കറ്റ് ഹോട്ടലിൽ അവാർഡുകൾ വിതരണം ചെയ്യും.

വ്യവസായശാലകളിലെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഫാക്ടറികളെയും അഞ്ച് പ്രധാന വിഭാഗങ്ങളിലായി തരംതിരിച്ച് ഉൽപാദന പ്രക്രിയയുടെ അടിസ്ഥാനത്തിൽ മൂന്നോ അതിലധികമോ ഉപവിഭാഗങ്ങളായും തിരിച്ചാണ് അവാർഡ് നൽകുന്നത്.

ജോലിക്കാരുടെ എണ്ണം 500 പേരിൽ കൂടുതലുള്ള വളരെ വലിയ വ്യവസായശാലകളിൽ രാസവസ്തുക്കൾ, പെട്രോളിയം, പെട്രോകെമിക്കൽ, റബ്ബർ, പ്ലാസ്റ്റിക് എന്നിവയുടെ ഉല്പാദന പ്രക്രിയയിൽ ഉൾപ്പെടുന്ന വിഭാഗത്തിൽ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, പേരൂർക്കട അവാർഡിനർഹമായി. എൻജിനീയറിംഗ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവ്വീസിംഗ്, ടെക്സ്റ്റൈൽസ് ആൻഡ് കയർ എന്നിവ ഉൾപ്പെടുന്ന വിഭാഗത്തിൽ നിന്നും കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് എറണാകുളം, അപ്റ്റീവ് കണക്ഷൻ സിസ്റ്റംസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്നിവ അവാർഡിനർഹമായി. മറ്റുള്ളവ എന്ന വിഭാഗത്തിൽ നേവൽ അർമമെന്റ് ഡിപ്പോ, ആലുവ അവാർഡിനർഹമായി. ബസ്റ്റ് സേഫ്റ്റി വർക്കർ അവാർഡിന് ഗംഗാധരൻ നായർ, എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് പേരൂർക്കട, ആദർശ് എ.ബി. ഫാക്ട് ഉദ്യോഗമണ്ഡൽ, ആലുവ എന്നിവർ അർഹരായി. ബസ്റ്റ് സേഫ്റ്റി ഗസ്റ്റ് വർക്കർ അവാർഡിന് കാജു ഠാകുർ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് അമ്പലമുകൾ, സന്തോഷ് കുമാർ ബിപിസിഎൽ കൊച്ചി റിഫൈനറി എറണാകുളം എന്നിവർ അർഹരായി.

251 മുതൽ 500 വരെ തൊഴിലാളികൾ പണിയെടുക്കുന്ന വലിയ വ്യവസായ ശാലകകളിൽ രാസവസ്തുക്കൾ, പെട്രോകെമിക്കൽ, ജനറൽ എൻജിനീയറിംഗ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവ്വീസിംഗ് വിഭാഗത്തിൽ കെ.എസ്.ബി മിൽ കൺട്രോൾസ് ലിമിറ്റഡ്, തൃശ്ശൂർ, ബിഇഎംഎൽ ലിമിറ്റഡ് പാലക്കാട് എന്നിവയും ഫുഡ് ആൻഡ് ഫുഡ് പ്രോഡക്ട്സ് എന്ന വിഭാഗത്തിൽ സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, കോലഞ്ചേരിയും റബ്ബർ, പ്ലാസ്റ്റിക്, കയർ, ടെക്സ്റ്റൈൽസ് ഫാക്ടറികൾ എന്ന വിഭാഗത്തിൽ വികെസി ഇലാസ്റ്റോമേർസ് പ്രൈവറ്റ് ലിമിറ്റഡും മറ്റുള്ള ഫാക്ടറികൾ എന്ന വിഭാഗത്തിൽ ഹിൻഡാൽക്കോ ഇൻഡസ്ട്രീസ് ലിമിറ്റഡ് കളമശ്ശേരിയും അവാർഡിന് അർഹമായി. ബസ്റ്റ് സേഫ്റ്റി വർക്കറിനുള്ള അവാർഡ് എവിറ്റി നാച്ചുറൽ പ്രൊഡക്ട്സ് ലിമിറ്റഡ് ആലുവയിലെ ബെന്നി ആന്റണിയും ബസ്റ്റ് സേഫ്റ്റി ഗസ്റ്റ് വർക്കറിനുള്ള അവാർഡ് എവിറ്റി നാച്ചുറൽ പ്രൊഡക്ട്സ് ലിമിറ്റഡ് ആലുവയിലെ മൈനുൾ ഇസ്ലാം ഖാനും അർഹരായി.101 മുതൽ 250 വരെ തൊഴിലാളികൾ പണിയെടുക്കുന്ന മീഡിയം വ്യവസായശാലകളിൽ രാസവസ്തു, പെട്രോകെമിക്കൽ, ജനറൽ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് & സർവ്വീസിംഗ് വിഭാഗത്തിൽ സുഡ് കെമി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, ആലുവയും ഇൻഡെൻ ബോട്ടിലിംഗ് പ്ലാന്റ് കൊല്ലവും അർഹരായി. ഫുഡ് ആൻഡ് ഫുഡ് പ്രോഡക്ട്സ് എന്ന വിഭാഗത്തിൽ വികെഎൽ സീസണിംഗ് പ്രൈവറ്റ് ലിമിറ്റഡ് തുറവൂർ അർഹരായി. റബ്ബർ, പ്ലാസ്റ്റിക്, കയർ, ടെക്സ്റ്റൈൽസ്, പ്രിന്റിംഗ് ഫാക്ടറികൾ എന്ന വിഭാഗത്തിൽ ദി മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കോ ലിമിറ്റഡ്, കോഴിക്കോട് മറ്റുള്ള ഫാക്ടറികൾ എന്ന വിഭാഗത്തിൽ എ.കെ ഫ്ലവേഴ്സ് ആൻഡ് അരോമാറ്റിക് പ്രൈവറ്റ് ലിമിറ്റഡ് പത്തനംതിട്ട എന്നിവ അവാർഡിനർഹമായി. ബസ്റ്റ് സേഫ്റ്റി വർക്കറിനുള്ള അവാർഡ് എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് ആക്കുളത്തെ അജീഷ് എൻ -ഉം ബസ്റ്റ് സേഫ്റ്റി ഗസ്റ്റ് വർക്കറിനുള്ള അവാർഡ് പാലക്കാട് ഗാഷ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡിലെ ത്രിലോചൻ നായകും അർഹരായി.

20 മുതൽ 100 പേരിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായ ശാലകളിൽ എഞ്ചിനീയറിംഗ് മരാധിഷ്ഠിത വ്യവസായങ്ങൾ, കാഷ്യൂ ഫാക്ടറികൾ, കയർ ഫാക്ടറികൾ എന്നീ വിഭാഗത്തിൽ ലീവെജ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് തൃശൂർ, കെമിക്കൽ, പെട്രോളിയം, പെട്രോകെമിക്കൽ, റബ്ബർ എന്നീ വിഭാഗത്തിൽ പോഡെയർ എയർ പ്രോഡക്ട്സ്, എറണാകുളം എന്നിവയും പ്ലാസ്റ്റിക്, ആയുർവേദ മരുന്നുകൾ, സ്റ്റോൺ ക്രഷർ, ഐസ് പ്ലാന്റ് എന്നീ വിഭാഗത്തിൽ എസ്.എൻ.എ. ഔഷധശാല (പി) ലിമിറ്റഡ്, തൃശൂർ മറ്റുള്ളവ എന്ന വിഭാഗത്തിൽ മലയാള മനോരമ കൊട്ടിയം, കൊല്ലം, അച്ചൂർ ടീ ഫാക്ടറി വയനാട് എന്നിവർ അവാർഡിനർഹമായി.

20 പേരിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായശാലകളിൽ കൺസ്ട്രക്ഷൻ മെറ്റീരിയൽ എന്ന വിഭാഗത്തിൽ യുഎൽസിസിഎസ് പാലാ സ്റ്റോൺ ക്രഷർ യൂണിറ്റ് കോട്ടയം ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവ്വീസിംഗ്, ജനറൽ എഞ്ചിനീയറിംഗ്, അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്സ് എന്ന വിഭാഗത്തിൽ മെർജ് മേക്കാനോ പ്രൈവറ്റ് ലിമിറ്റഡ് (യുണിറ്റ് 1) തൃശൂർ, സാമിൽ ആൻഡ് ടിമ്പർ പ്രൊഡക്ട്സ് എന്ന വിഭാഗത്തിൽ കെ.എസ്.എം. ആൻഡ് സൺസ് സാമിൽ പാലക്കാട്, മറ്റുള്ളവ എന്ന വിഭാഗത്തിൽ കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി കൊച്ചി എന്നിവയും അവാർഡിനർഹമായി.

ബെസ്റ്റ് സേഫ്റ്റി കമ്മിറ്റിയായി ഫാക്ട് ഉദ്യോഗമണ്ഡൽ ആലുവ എന്ന ഫാക്ടറിയും ബസ്റ്റ് സ്റ്റാറ്റ്യൂട്ടറി സേഫ്റ്റി ഓഫീസറായി ഗോകുൽ വി ബാബു, എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, പേരൂർക്കട, ബസ്റ്റ് സ്റ്റാറ്റ്യൂട്ടറി മെഡിക്കൽ ഓഫീസർ ആയി ഡോ. എ. പ്രഭാകര വർമ്മ, അപ്പോളോ ടയേഴ്സ് ലിമിറ്റഡ് കളമശ്ശേരി എന്നിവരും അവാർഡിന് അർഹരായി.

# ബാബർ അസമിനെ പിന്തള്ളി; ഏകദിനത്തിൽ ശുഭ്മാൻ ഗിൽ നമ്പർ വൺ

ദുബായി: ഐസിസി ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് ഇന്ത്യൻ യുവതാരം ശുഭ്മാൻ ഗിൽ. പാക് താരം ബാബർ അസമിനെ പിന്തള്ളിയാണ് ഗില്ലിന്റെ മുന്നേറ്റം. താരത്തിന് 796 പോയിൻറുകളും ബാബറിന് 776 പോയിൻറുകളുമാണുള്ളത്.

ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ മികച്ച പ്രകടനമാണ് ഗില്ലിനെ ഒന്നാമത് എത്തിച്ചത്. ഒരു സെഞ്ചുറിയും രണ്ട് അർധ സെഞ്ചുറികളുമുൾപ്പെടെ 86.33 ശരാശരിയിൽ 259 റൺസാണ് ഗിൽ അടിച്ചെടുത്തത്. രണ്ടാം തവണയാണ് താരം ഐസിസി ഏകദിന റാങ്കിംഗിൽ ഒന്നാമതെത്തുന്നത്.

അതേസമയം ത്രിരാഷ്ട്ര പരമ്പരയിലെ മോശം ഫോമാണ് ബാബർ അസമിന് തിരിച്ചടിയായത്. പരമ്പരയിലെ മൂന്ന് കളികളിലും ഓപ്പണറായി ഇറങ്ങിയ ബാബറിന് 20.67 ശരാശരിയിൽ 62 റൺസ് മാത്രമേ നേടാനായിരുന്നുള്ളു.

2021ലാണ് വിരാട് കോഹ്‌ലിയെ പിന്തള്ളി ബാബർ അസം ആദ്യമായി ഏകദിന റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തിയത്. പിന്നീട് ഒന്നാം സ്ഥാനം നഷ്ടമായ ബാബർ 2023ലെ ഏകദിന ലോകകപ്പിന് പിന്നാലെ ശുഭ്മാൻ ഗില്ലിനെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളി വീണ്ടും ഒന്നാം സ്ഥാനം തിരിച്ചു പിടിക്കുകയായിരുന്നു.

ഐസിസി ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുന്ന നാലാമത്തെ ഇന്ത്യൻ താരമാണ് ഗിൽ. സച്ചിൻ തെൻഡുൽക്കർ, വിരാട് കോഹ്‌ലി, എം.എസ്. ധോണി എന്നിവരാണ് ഗില്ലിന് മുമ്പ് ഈ നേട്ടം സ്വന്തമാക്കിയവർ.

അതേസമയം, ഏകദിന ബാറ്റർമാരുടെ റാങ്കിംഗിൽ ആദ്യ പത്തിൽ ആകെ നാല് ഇന്ത്യക്കാരാണ് ഇടംപിടിച്ചത്. ഇന്ത്യൻ നായകൻ രോഹിത് ശർമ മൂന്നാമതും വിരാട് കോഹ്‌ലി ആറാമതും ശ്രേയസ് അയ്യർ പട്ടികയിൽ ഒൻപതാമതുമെത്തി.

ദക്ഷിണാഫ്രിക്കൻ താരം ഹെൻറിച്ച് ക്ലാസൻ പട്ടികയിൽ നാലാമതും ന്യൂസിലൻഡിന്റെ ഡാരിൽ മിച്ചൽ അഞ്ചാമതുമാണ്. എട്ട് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി എട്ടാം സ്ഥാനത്തെത്തിയ ശ്രീലങ്കൻ നായകൻ ചരിത് അസലങ്കയാണ് ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയ മറ്റൊരു താരം.

അതേസമയം, ബൗളർമാരുടെ പട്ടികയിൽ ശ്രീലങ്കൻ സ്പിന്നർ മഹീഷ് തീക്ഷ്ണ ഒന്നാം റാങ്കിലെത്തി. അഫ്ഗാൻ സൂപ്പർതാരം റാഷിദ് ഖാനെയാണ് 680 റേറ്റിംഗ് പോയിൻറുമായി തീക്ഷ്ണ മറികടന്നത്. ഓസ്ട്രേലിയയ്ക്കെതിരായ പരമ്പരയിലെ മികച്ച പ്രകടനമാണ് താരത്തിനു ഗുണമായത്.നമീബിയയുടെ ബെർണാഡ് ഷോൾട്സ് മൂന്നാം റാങ്കിലെത്തിയപ്പോൾ ഇന്ത്യൻ സ്പിന്നർ കുൽദീപ് യാദവ് നാലാമതും പാക് പേസർ ഷഹീൻഷാ അഫ്രീദി അഞ്ചാമതുമെത്തി.

# പ്രതിരോധം തകർത്ത് ചിന്തൻ ഗജ; കേരളം ഒന്നാമിന്നിംഗ്സിൽ 457ന് പുറത്ത്

അഹമ്മദാബാദ്: രഞ്ജി ട്രോഫി സെമിയിൽ ഗുജറാത്തിനെതിരേ കേരളം 457 റൺസിനു പുറത്ത്. 177 റൺസുമായി പുറത്താകാതെ നിന്ന വിക്കറ്റ് കീപ്പർ ബാറ്റർ മുഹമ്മദ് അസ്ഹറുദ്ദീന്റെ കരുത്തിലാണ് കേരളം 450 കടന്നത്.

ഏഴുവിക്കറ്റ് നഷ്ടത്തിൽ 418 റൺസെന്ന നിലയിൽ മൂന്നാംദിനം ക്രീസിലെത്തിയ കേരളത്തിന്റെ പോരാട്ടം ഒരു മണിക്കൂർ മാത്രമാണ് ദീർഘിച്ചത്. ടീം ടോട്ടലിനോട് 10 റൺസ് കൂടി കൂട്ടിച്ചേർത്തപ്പോഴേക്കും ആദിത്യ സർവാതെയുടെ (11) വിക്കറ്റ് നഷ്ടമായി. സർവാതെയെ ഗുജറാത്ത് നായകൻ ചിന്തൻ ഗജ ബൗൾഡാക്കുകയായിരുന്നു. പിന്നാലെ ക്രീസിലെത്തിയ എം.ഡി. നിധീഷിനെ ഒരറ്റത്തു നിർത്തി അസ്ഹറുദ്ദീൻ സ്കോർ 450 കടത്തി.

എന്നാൽ അഞ്ചു റൺസുമായി നിധീഷ് റണ്ണൗട്ടായതോടെ കേരളം ഒമ്പതിന് 455 എന്ന നിലയിലായി. പിന്നാലെ എൻ.പി. ബേസിലിനെ (ഒന്ന്) കൂടി പുറത്താക്കി ചിന്തൻ ഗജ കേരളത്തിന്റെ ഇന്നിംഗ്സ് അവസാനിപ്പിച്ചു.ഗുജറാത്തിനു വേണ്ടി എ. നാഗ്വാസ്‌വല്ല മൂന്നുവിക്കറ്റ് വീഴ്ത്തിയപ്പോൾ ചിന്തൻ ഗജ രണ്ടും ആർ.എം. ബിഷ്ണോയി, പി.എൻ. ജഡേജ, വിശാൽ ബി. ജയ്സ്വാൾ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

341 പന്തിൽ 20 ബൗണ്ടറികളും ഒരു സിക്സറും ഉൾപ്പെടെ 177 റൺസെടുത്ത അസ്ഹറുദ്ദീനാണ് കേരള നിരയിലെ ടോപ് സ്കോറർ. താരത്തിനു പുറമെ ക്യാപ്റ്റൻ സച്ചിൻ ബേബി (69), സൽമാൻ നിസാർ (52) എന്നിവരും കേരളത്തിനായി മികച്ച പ്രകടനം പുറത്തെടുത്തിരുന്നു.

മറുപടി ബാറ്റിംഗ് തുടങ്ങിയ ഗുജറാത്ത് ഒടുവിൽ വിവരം ലഭിക്കുമ്പോൾ എട്ടോവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 32 റൺസെടുത്തിട്ടുണ്ട്. 13 റൺസോടെ പ്രിയങ്ക് പഞ്ചാലും19 റൺസുമായി ആര്യ ദേശായിയുമാണ് ക്രീസിൽ.

സ്പിന്നിനെ തുണച്ചു തുടങ്ങിയ പിച്ചിൽ ഗുജറാത്തിനെതിരെ നിർണായക ഒന്നാം ഇന്നിംഗ്സ് ലീഡ് നേടുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം.

# നിർഭയ മാധ്യമപ്രവർത്തനം അന്യമാകുന്നു: അനിത പ്രതാപ്

സ്വതന്ത്രവും നിർഭയവുമായ മാധ്യമപ്രവർത്തനം ഇന്ന് അപകടകരമായ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് പ്രശസ്ത മാധ്യമപ്രവർത്തക അനിത പ്രതാപ്. ലോകമെമ്പാടും കാണുന്ന ഒരു പ്രതിഭാസമായി ആ അവസ്ഥ മാറിയിരിക്കുന്നുവെന്നും അവർ പറഞ്ഞു.

കോർപ്പറേറ്റുവൽക്കരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്വതന്ത്ര പത്രപ്രവർത്തനത്തിന് അതിജീവിക്കാനാവില്ല. അധികാരവും സമ്പത്തും ഒന്നിക്കുമ്പോൾ നിർഭയ മാധ്യമപ്രവർത്തനം സാധ്യമാകില്ലെന്നും അവർ കൂട്ടിച്ചേർത്തു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിൽ നടന്ന ചാറ്റ് സെഷനിൽ സംസാരിക്കുകയായിരുന്നു അവർ.

ശ്രീലങ്കയിലെ ആഭ്യന്തര യുദ്ധം 1983 ലാണ് ആരംഭിക്കുന്നത്. എന്നാൽ താൻ അതിൽ ഗവേഷണം തുടങ്ങിയത് 1980ൽ ആണ്. 1981 ൽ ലങ്കൻ പോലീസ് ജാഫ്ന പബ്ലിക് ലൈബ്രറി കത്തിക്കുമ്പോൾ ലങ്ക ഭാവിയിൽ നേരിടാൻ പോകുന്ന വിപത്തിനെ അവിടെ അടയാളപ്പെടുത്തുകയായിരുന്നു. ചരിത്രമാണ് ഭാവിയെ നിർണ്ണയിക്കുന്നത്. ചരിത്രത്തെ അറിയാൻ ഗവേഷണത്തെ കൂട്ടുപിടിക്കാനും പുതുതലമുറ പത്രപ്രവർത്തകരോട് അവർ നിർദേശിച്ചു.

ലങ്കയിലെ ഒരു ഗ്രാമീണ സ്ത്രീയെ പോലെ വേഷം ധരിച്ചാണ് മറ്റുള്ളവർക്ക് എത്തിപ്പെടാൻ പറ്റാത്ത സ്ഥലങ്ങളിൽ തനിക്ക് പ്രവേശനം സാധ്യമായത്. അവസരങ്ങളെ ഉപയോഗിക്കാൻ പഠിക്കാൻ അറിയുന്നതുപോലെ സ്വയം പരിരക്ഷിക്കാൻ മുൻകരുതലുകൾ എടുക്കാനും വനിതാ മാധ്യമപ്രവർത്തകർ അറിഞ്ഞിരിക്കണം. ദയയും സഹാനുഭൂതിയും ഉണ്ടാകണം. അനിത പ്രതാപ് അഭിപ്രായപ്പെട്ടു.

# ഐസിസി ചാമ്പ്യൻസ് ട്രോഫിക്ക് ഇന്നു തുടക്കം; പാക്കിസ്ഥാൻ കിവീസിനെ നേരിടും

കറാച്ചി: ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെൻറ് ഒൻപതാം സീസണിന് ഇന്ന് കറാച്ചിയിൽ തുടക്കം. നിലവിലെ ചാമ്പ്യൻമാരായ പാക്കിസ്ഥാൻ ഗ്രൂപ്പ് എയിൽ സ്വന്തം ആരാധകർക്കു മുന്നിൽ മിച്ചൽ സാൻറ്നർ നയിക്കുന്ന ന്യൂസിലൻഡിനെ നേരിടും.

വിക്കറ്റ് കീപ്പർ ബാറ്ററായ മുഹമ്മദ് റിസ്വാനാണ് പാക് ക്യാപ്റ്റൻ. കറാച്ചി നാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30നാണ് മത്സരം. എട്ട് ടീമടങ്ങുന്ന വൻപൻമാരുടെ പോരാട്ടത്തിന്റെ ഫൈനൽ മാർച്ച് 25നാണ്. 1996 ലോകകപ്പിനുശേഷം പാക്കിസ്ഥാൻ ആദ്യമായാണ് ഐസിസി ടൂർണമെൻറിന് വേദിയാകുന്നത്.

ബാറ്റിംഗിനനുകൂലമായ കറാച്ചി സ്റ്റേഡിയത്തിൽ റണ്ണൊഴുക്കു പ്രതീക്ഷിച്ചാണ് ആരാധകർ എത്തുന്നത്. തുടക്കത്തിൽ പേസർമാരെ തുണയ്ക്കുന്ന പിച്ചിൽ പിന്നീട് മത്സരത്തിന്റെ ഗതി ബാറ്റർമാർ നിർണയിക്കും. സ്പിന്നർമാർക്കും മികവ് കാട്ടാൻ സാധിക്കും. ആകെ 78 മത്സരങ്ങൾ സ്റ്റേഡിയത്തിൽ നടന്നപ്പോൾ 36 പ്രാവശ്യം ആദ്യം ബാറ്റ് ചെയ്ത ടീം വിജയിച്ചു. 39 പ്രാവശ്യം രണ്ടാമത് ബാറ്റ് ചെയ്ത ടീമും. 2008ൽ ഹോങ്കോംഗിനെതിരേ ഇന്ത്യ നേടിയ 374/4 ആണ് ഉയർന്ന സ്കോർ.

ചാന്പ്യൻസ് ലീഗിനു മുന്നോടിയായി നടന്ന ത്രിരാഷ്ട്ര ഏകദിന പരന്പരയുടെ ഫൈനലിൽ പാക്കിസ്ഥാനെ തോൽപ്പിച്ച് കപ്പ് നേടിയ ആത്മവിശ്വാസത്തിലാണ് കീവികൾ ഇറങ്ങുന്നത്. പരന്പരയിൽ രണ്ട് പ്രാവശ്യം ഏറ്റുമുട്ടിയപ്പോഴും ജയം കീവികൾക്കൊപ്പമായിരുന്നു. അവസാന അഞ്ച് പ്രാവശ്യം നേർക്കുനേർ പോരാട്ടത്തിൽ നാല് ജയവും കീവികൾ സ്വന്തമാക്കി. ട്രൈ സീരീസിൽ പാക്കിസ്ഥാനെതിരേ 74 പന്തിൽ 106 റൺസ് അടിച്ചെടുത്ത ഗ്ലെൻ ഫിലിപ്സിലാണ് കീവികളുടെ പ്രതീക്ഷ. ഒപ്പം മധ്യനിരയും ഫോമിലാണ്.

എന്നാൽ സ്വന്തം രാജ്യത്ത് ആരാധകർക്കു മുന്നിൽ കരുത്ത് കാട്ടാനുറച്ചാണ് പാക്കിസ്ഥാനിറങ്ങുന്നത്. ന്യൂസിലൻഡിന്റെ ശക്തമായ ബൗളിംഗ് നിരയെ പാക് ബാറ്റർമാർ എങ്ങനെ നേരിടുമെന്നതും നിർണായകമാണ്. ഇതേ സ്റ്റേഡിയത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരേ 354 റൺസ് ചെയ്സ് ചെയ്ത് ജയിച്ച പാക്കിസ്ഥാൻ പ്രവചനാതാതീമാണ്. ഷഹിൻ അഫ്രീദി നയിക്കുന്ന ബൗളിംഗ് നിരയും ശക്തമാണ്.

പരിക്കിന്റെ പിടിയിലായ രചിൻ രവീന്ദ്ര അവസാന ഇലവനിൽ ഇടംപിടിച്ചില്ലെങ്കിൽ ന്യൂസിലൻഡിനായി കോൺവെയ്ക്കൊപ്പം വിൽയംഗ് ഇന്നിംഗ്സ് ഓപ്പൺ ചെയ്യും. മധ്യനിരയിൽ കെയ്ൻ വില്ല്യംസൺ, ഡാരൽ മിച്ചൽ, ടോം ലാഥം എന്നിവർ കരുത്താകും. കഴിഞ്ഞ പരന്പരയിൽ വില്ല്യംസൺ ഒരു സെഞ്ചുറിയും അർധ സെഞ്ചുറിയും സഹിതം 225 റൺസ് നേടി ഫോമിലായിരുന്നു.

ചാന്പ്യൻസ് ട്രോഫിക്കൊരുങ്ങുന്ന ടീമുകളെ പരിക്ക് വിടാതെ പിന്തുടരുന്നു. ഏറ്റവും ഒടുവിലായി ന്യൂസിലൻഡ് പേസർ ലോക്കി ഫെർഗൂസണും പരിക്കേറ്റ് പുറത്ത്. കാൽപാദത്തിന് പരിക്കേറ്റ ഫെർഗൂസണിന് പകരം കെയ്ൽ ജാമീസണിനെ കീവികൾ ടീമിൽ ഉൾപ്പെടുത്തി. കറാച്ചിയിൽ ഞായറാഴ്ച അഫ്ഗാനിസ്ഥാനെതിരേ നടന്ന പരിശീലന മത്സരത്തിലാണ് ഫെർഗൂസണിന് പരിക്കേറ്റത്.

# സെഞ്ചുറിയോടെ ആകാശിന്റെ ഒറ്റയാൾ പോരാട്ടം; മുംബൈ 270 റൺസിന് പുറത്ത്, വിദർഭയ്ക്ക് ലീഡ്

നാഗ്പുർ: രഞ്ജി ട്രോഫി സെമി ഫൈനലിൽ വിദർഭയ്ക്കെതിരേ മുംബൈയുടെ ഒന്നാമിന്നിംഗ്സ് 270 റൺസിൽ അവസാനിച്ചു. ഇതോടെ വിദർഭ 114 റൺസിന്റെ നിർണായക ലീഡ് സ്വന്തമാക്കി.സെഞ്ചുറിയോടെ മുന്നിൽനിന്നു നയിച്ച വിക്കറ്റ് കീപ്പർ ബാറ്റർ ആകാശ് ആനന്ദിന്റെ ചെറുത്തുനില്പാണ് വൻ തകർച്ചയിൽനിന്ന് മുംബൈയെ കരകയറ്റിയത്. 256 പന്തിൽ 11 ബൗണ്ടറികൾ ഉൾപ്പെടെ 106 റൺസെടുത്ത ആകാശ് ആണ് മുംബൈ നിരയിൽ ടോപ് സ്കോറർ.

അതേസമയം, സിദ്ധേഷ് ലാഡ് (35), ശാർദുൽ താക്കൂർ (37), തനുഷ് കോട്യാൻ (33), നായകൻ അജിങ്ക്യ രഹാനെ (18), മോഹിത് ആവസ്തി (10) എന്നിവരൊഴികെ മറ്റാർക്കും രണ്ടക്കം പോലും കടക്കാനായില്ല.രണ്ടാം ദിനം ഒരു ഘട്ടത്തിൽ രണ്ടിന് 113 എന്ന നിലയിലായിരുന്ന മുംബൈ പൊടുന്നനെ ആറിന് 118 എന്ന നിലയിലേക്ക് വീണിരുന്നു. അഞ്ച് റൺസിനിടെ നാല് വിക്കറ്റുകളാണ് അവർക്ക് നഷ്ടമായത്. പിന്നീട് ഏഴാം വിക്കറ്റിൽ ശാർദുൽ താക്കൂറിനൊപ്പം 60 റൺസും ഏഴാം വിക്കറ്റിൽ തനുഷ് കോട്യാനൊപ്പം 69 റൺസും കൂട്ടിച്ചേർത്ത ആകാശ് ആനന്ദാണ് മുംബൈയെ മാന്യമായ സ്കോറിലേക്ക് നയിച്ചത്.വിദർഭയ്ക്കായി പി.ആർ. രേഖഡെ 55 റൺസ് വഴങ്ങി നാലുവിക്കറ്റ് വീഴ്ത്തിയപ്പോൾ യഷ് താക്കൂർ, ഹർഷ് ദുബെ എന്നിവർ രണ്ടു വിക്കറ്റ് വീതവും വീഴ്ത്തി.

# ഇരട്ടസെഞ്ചുറിയിലേക്ക് ബാറ്റ് വീശി അസ്ഹർ; 450 കടന്ന് കേരളം

അഹമ്മദാബാദ്: രഞ്ജി ട്രോഫി സെമിയിൽ ഗുജറാത്തിനെതിരേ കേരളം കൂറ്റൻ സ്കോറിലേക്ക്. മൂന്നാംദിനം ബാറ്റിംഗ് പുനരാരംഭിച്ച കേരളം ഒടുവിൽ വിവരം ലഭിക്കുമ്പോൾ എട്ടുവിക്കറ്റ് നഷ്ടത്തിൽ 451 റൺസെന്ന നിലയിലാണ്.വിക്കറ്റ് കീപ്പർ ബാറ്റർ മുഹമ്മദ് അസ്ഹറുദ്ദീന്റെ തകർപ്പൻ സെഞ്ചുറിയുടെ കരുത്തിലാണ് കേരളം 450 കടന്നത്. 326 പന്തിൽ 19 ബൗണ്ടറികളും ഒരു സിക്സറും ഉൾപ്പെടെ 172 റൺസെടുത്ത അസ്ഹറുദ്ദീൻ ക്രീസിലുണ്ട്. അഞ്ചുറൺസുമായി എം.ഡി. നിതീഷാണ് ഒപ്പമുള്ളത്.ഏഴുവിക്കറ്റ് നഷ്ടത്തിൽ 418 റൺസെന്ന നിലയിൽ മൂന്നാംദിനം ക്രീസിലെത്തിയ കേരളത്തിന് 11 റൺസെടുത്ത ആദിത്യ സർവാതെയുടെ വിക്കറ്റാണ് നഷ്ടമായത്. പിന്നാലെ ക്രീസിലെത്തിയ എം.ഡി. നിതീഷിനെ ഒരറ്റത്തു നിർത്തി അസ്ഹറുദ്ദീൻ സ്കോർ ഉയർത്തി.ഗുജറാത്തിനു വേണ്ടി എ. നാഗ്വാസ്‌വല്ല മൂന്നുവിക്കറ്റ് വീഴ്ത്തിയപ്പോൾ ആർ.എം. ബിഷ്ണോയി, പി.എൻ. ജഡേജ, വിശാൽ ബി. ജയ്സ്വാൾ, സി.ടി. ഗജ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

# അന്വേഷണാത്മക പത്രപ്രവർത്തനത്തിലേക്ക് കൂടുതൽ വനിതാ മാധ്യമപ്രവർത്തകർ കടന്നു വരണം: റാണാ അയൂബ്



ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച ചാറ്റ് സെഷനിൽ റാണാ അയൂബ് സംസാരിക്കുന്നു

അന്വേഷണാത്മക പത്രപ്രവർത്തനത്തിലേക്ക് കൂടുതൽ വനിതാ മാധ്യമപ്രവർത്തകർ കടന്നു വരണമെന്നും പാർശ്വൽക്കരിക്കപ്പെട്ടവർക്ക് വേണ്ടി മാധ്യമ പ്രവർത്തകർ നിരന്തരം നിലകൊള്ളണമെന്നും പ്രമുഖ മാധ്യമ പ്രവർത്തക റാണാ അയൂബ് പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിലെ ചാറ്റ് സെഷനിൽ സംസാരിക്കുകയായിരുന്നു അവർ.

മാധ്യമ പ്രവർത്തകർ പ്രത്യേകിച്ച് സ്ത്രീകൾ എപ്പോഴും ധൈര്യമുള്ളവരായിരിക്കേണ്ട ആവശ്യമില്ല. തെറ്റും ശരിയും വേർതിരിച്ചു മനസിലാക്കാൻ കഴിയുന്ന സാധാരണ മനുഷ്യരായിരുന്നാൽ മതി. മതിയായ പിന്തുണ ലഭിക്കാത്ത വനിതാ ജേണലിസ്റ്റുകൾ ഇപ്പോഴും നിരവധിയുണ്ട്. പല രീതിയിലുള്ള പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ടെങ്കിലും പുതിയ തലമുറയിലെ പെൺകുട്ടികൾ മാധ്യമ പ്രവർത്തനം തിരഞ്ഞെടുക്കുന്നത് സ്വാഗതാർഹമാണ്. നിരന്തരം വെല്ലുവിളികൾ നേരിടുന്ന വനിതാ മാധ്യമ പ്രവർത്തകർക്ക് വേണ്ടി താനും തന്റെ ജോലി തുടർന്നുകൊണ്ടേയിരിക്കുമെന്ന് അവർ പറഞ്ഞു.

വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ വനിതാ മാധ്യമപ്രവർത്തകരുടെ മാനസികവും ശാരീരികവുമായ ആരോഗ്യം വളരെ പ്രധാനമാണ്. ആവശ്യം വരുമ്പോൾ ശാരീരിക -മാനസികാരോഗ്യ വിദഗ്ധരുടെ സഹായം നിർബന്ധമായും തേടണം. എല്ലാ മനുഷ്യരും നിലനിൽപ്പിനു വേണ്ടി ദിവസേന യുദ്ധത്തിലാണങ്കിലും അതിൽ നല്ല മനുഷ്യരും സഹജീവികളോടുള്ള സ്നേഹവും നമ്മുടെ നാട്ടിൽ ഇന്നും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഇന്ത്യയിൽ തന്നെ തുടർന്നും പ്രവർത്തിക്കാനാണ് താൽപര്യമെന്നും സദസിൽ നിന്നുയർന്ന ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞു. പ്രമുഖ മാധ്യമങ്ങൾ കാലങ്ങളായി നൽകുന്ന വിവരങ്ങൾ അപ്പാടെ വിശ്വസിക്കാതെ നേരിട്ട് കാണുന്നതും മനസിലാക്കുന്നതും വിശ്വസിച്ചു വേണം പുതിയ മാധ്യമ പ്രവർത്തകർ നിലകൊള്ളേണ്ടതെന്നും അവർ ചൂണ്ടിക്കാട്ടി. ദ ഹിന്ദു ദിനപത്രത്തിന്റെ ഡെപ്യൂട്ടി എഡിറ്ററായ സരസ്വതി നാഗരാജനാണ് ചാറ്റ് സെഷൻ നയിച്ചത്.

# ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന് സമാപനം

മാധ്യമ ലോകത്തെ വനിതാ സംബന്ധിയായ കാലിക പ്രസക്തിയുള്ള ചർച്ചകൾക്കും പ്രായോഗിക നിർദേശങ്ങൾക്കും വേദിയൊരുക്കി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവ് സമാപിച്ചു. രാജ്യത്തെ പ്രമുഖ മാധ്യമപ്രവർത്തകരെ പങ്കെടുപ്പിച്ച് കേരള പത്രപ്രവർത്തക യൂണിയന്റെ സഹകരണത്തോടെ ഫെബ്രുവരി 18,19 തീയതികളിലായി സംഘടിപ്പിച്ച ദ്വിദിന പരിപാടിയിലെ നിർദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കും.

മാസ്കറ്റ് ഹോട്ടലിലെ ഉദ്ഘാടനത്തിനു ശേഷം ടാഗോർ തിയേറ്ററിൽ നടന്ന സെഷനുകളിൽ ദേശീയ തലത്തിലെ പ്രമുഖ മാധ്യമപ്രവർത്തകരായ റാണ അയൂബ്, ലീന രഘുനാഥ്, മായ ശർമ, മീന കന്ദസ്വാമി, അനിത പ്രതാപ് ഉൾപ്പെടെയുള്ളവരും കേരളത്തിൽ നിന്നുള്ള പ്രമുഖ മാധ്യമ പ്രവർത്തകരും പാനൽ ചർച്ചകൾക്കും ചാറ്റ് സെഷനുകൾക്കും നേതൃത്വം നൽകി. വാർത്തകളിലെ സ്ത്രീ, മാധ്യമങ്ങളിലെ ലിംഗസമത്വം,സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീ എന്നീ വിഷയങ്ങളിലാണ് പാനൽ ചർച്ചകൾ നടന്നത്. റാണാ അയൂബും അനിത പ്രതാപും രണ്ട് ചാറ്റ് സെഷനുകളിൽ അതിഥികളായി. ആദ്യ ദിനത്തിൽ വൈകുന്നേരം കലാസന്ധ്യയും ഒരുക്കിയിരുന്നു.

കോൺക്ലേവിനോട് അനുബന്ധിച്ച് നടന്ന ഫോട്ടോ പ്രദർശനവും ശ്രദ്ധനേടി. വനിതാ മാധ്യമ പ്രവർത്തകരും ഫോട്ടോഗ്രാഫർമാരും എടുത്ത എൺപതോളം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. സംസ്ഥാനത്തെ മാധ്യമസ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമ പ്രവർത്തകരും വിവിധ കോളേജുകളിലെ ജേണലിസം വിദ്യാർത്ഥികളും ഉൾപ്പെടെ ഇരുന്നൂറോളം പ്രതിനിധികൾ ക്ലോൺക്ലേവിന്റെ ഭാഗമായി.

മാധ്യമ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതാ മാധ്യമപ്രവർത്തകർക്ക് ഒത്തുചേരാൻ ഒരു പൊതു ഇടം വേണമെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദ്വിദിന ദേശീയ വനിതാ കോൺക്ലേവ് ഓപ്പൺ ഡിസ്കഷൻ അഭിപ്രായപ്പെട്ടു. പലവിധ സമ്മർദ്ദങ്ങളിൽ ജോലി ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് അവരുടെ കുഞ്ഞുങ്ങളെ വിശ്വസിച്ചു ഏൽപ്പിക്കാൻ ക്രഷ് പോലെയുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നും ആവശ്യമുയർന്നു.കുടുംബവും ജോലിയും ഒന്നിച്ചുകൊണ്ടു പോകാൻ കഴിയാതെ നിരവധി വനിതാ മാധ്യമപ്രവർത്തകർ ജോലി ഉപേക്ഷിച്ചു പോയിട്ടുണ്ടെന്ന് മാതു സജി സൂചിപ്പിച്ചു.

പുതിയ കാലത്ത് സമാന്തര മാധ്യമങ്ങളുടെ പ്രസക്തി വലുതാണെന്ന് സരിത എസ് ബാലൻ അഭിപ്രായപ്പെട്ടു. മുഖ്യധാര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ സമാന്തര മാധ്യമങ്ങൾ പുറത്തുകൊണ്ടുവരുന്നതായും അവർ പറഞ്ഞു.

സ്ത്രീകൾ സമ്മർദ്ദം നിറഞ്ഞ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും അവരുടെ ആരോഗ്യം സംബന്ധിച്ച് ആരും ചർച്ച ചെയ്യുന്നില്ലെന്നും മാധ്യമപ്രവർത്തക വിനീത വേണാട് ചർച്ചയിൽ ശ്രദ്ധയിൽപ്പെടുത്തി.

ന്യൂസ്റൂമുകളിലെ സ്ത്രീ സാന്നിധ്യം കഴിഞ്ഞ 15 വർഷത്തിനിടയിൽ വർധിച്ചിട്ടുണ്ടെന്ന് മാധ്യമപ്രവർത്തക ശ്രീദേവി പിള്ള അഭിപ്രായപ്പെട്ടു. ന്യൂസ് റൂം അന്തരീക്ഷത്തിൽ സ്ത്രീകൾ ഒറ്റക്കല്ല കൂട്ടമായാണ് ഇന്ന് നിൽക്കുന്നത്. പ്രസ് അക്കാദമിക്ക് കേരളത്തിന്റെ വിവിധ ഇടങ്ങളിൽ ഓഫ് ക്യാമ്പസുകൾ ഒരുക്കണം. ലിംഗബോധവൽക്കരണവും സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച നിയമങ്ങളും സ്കൂൾ തലം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ശ്രീദേവി പിള്ള അഭിപ്രായപ്പെട്ടു.

വെല്ലുവിളി നിറഞ്ഞ പ്രധാന വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ സ്ത്രീകളെ അയക്കുന്നില്ലെന്ന് സോഫിയ ബിന്ദ് പറഞ്ഞു. പ്രധാനപ്പെട്ട നേതൃസ്ഥാനങ്ങളിൽ ഇരിക്കുന്ന വനിതകളോട് കാര്യങ്ങൾ അന്വേഷിക്കാനും ചോദിക്കാനും പുരുഷന്മാർ മടിക്കുന്ന അവസ്ഥയുണ്ടെന്ന് കെ.യു.ഡബ്ല്യൂ.ജെ തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി. നായർ പറഞ്ഞു. പ്രസ് ക്ലബുകളിലെ സ്ത്രീസാന്നിധ്യം വർധിക്കണം. സ്ത്രീകൾ എല്ലാ ക്കാര്യങ്ങളിലും മുന്നോട്ട് വന്നാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളുവെന്നും അവർ പറഞ്ഞു. സരസ്വതി നാഗരാജൻ മോഡറേറ്റർ ആയിരുന്നു.




ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീ എന്ന വിഷയത്തിൽ നടന്ന പാനൽചർച്ച.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളിൽ വിപ്ലവം സൃഷ്ടിക്കാൻ റെപ്സോൾ–ഐബിഎസ് സോഫ്റ്റ് വെയർ സഹകരണം




തിരുവനന്തപുരം: ആഗോള മുൻനിര ഊർജ കമ്പനിയായ റെപ്സോൾ പ്രാഥമിക ലോജിസ്റ്റിക് പ്രവർത്തനങ്ങൾ വിവിധ സ്ഥലങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി ഐബിഎസ് സോഫ്റ്റ് വെയറിനെ തിരഞ്ഞെടുത്തു. ഐബിഎസ് സോഫ്റ്റ് വെയറിൻറെ ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ സൊല്യൂഷനിലൂടെയാണ് ഇത് സാധ്യമാകുക.

റെപ്സോളിൻറെ ലോജിസ്റ്റിക്സിനെ കാര്യക്ഷമമാക്കുന്നതിനും എൻഡ്-ടു-എൻഡ് സപ്ലൈ ചെയിനുമായി ബന്ധപ്പെട്ട മികച്ച തീരുമാനങ്ങൾ എടുക്കുന്നതിനും പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിതരണ ശൃംഖലയുടെ പൂർണവിവരങ്ങൾ ലഭ്യമാക്കുന്നതിനും പങ്കാളിത്തം വഴിയൊരുക്കും.

ഐബിഎസ് സോഫ്റ്റ് വെയറിൻറെ ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ മൊഡ്യൂൾ വിന്യസിക്കുന്നതിലൂടെ റെപ്സോളിൻറെ ഡിജിറ്റൽ പരിവർത്തനം കൂടുതൽ അനായാസമാകും. തത്സമയ ഡാഷ്ബോർഡുകളും തുടർച്ചയായ ഷിപ്പ്മെൻറ് അപ്ഡേറ്റുകളും ഈ നൂതന പ്ലാറ്റ് ഫോം ലഭ്യമാക്കും. വിതരണക്കാർ, ചരക്ക് കൈമാറ്റക്കാർ, എണ്ണ-വാതക ഓപ്പറേറ്റർമാർ എന്നിവർക്കിടയിൽ ഒരു കേന്ദ്രീകൃത ആശയവിനിമയ കേന്ദ്രമായി ഈ സംവിധാനം പ്രവർത്തിക്കും.

എൻഡ്-ടു-എൻഡ് ഷിപ്പ്മെൻറ് ട്രെയ്സബിലിറ്റി, സപ്ലൈ ചെയിനുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ തുടങ്ങിയവ ഇതിൻറെ സവിശേഷതകളാണ്. ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളിലുടനീളം കാര്യക്ഷമത, സഹകരണം, സുതാര്യത എന്നിവ മെച്ചപ്പെടുത്താൻ ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ സൊല്യൂഷൻ റെപ്സോളിനെ പ്രാപ്തമാക്കും.

വിതരണ സൈറ്റുകളിൽ നിന്ന് അവസാനത്തെ ഡെലിവറി സ്ഥലങ്ങളിലേക്കുള്ള സങ്കീർണ്ണമായ ചരക്ക് നീക്കങ്ങൾ സാധ്യമാകുന്നത് കപ്പൽ, ട്രക്ക്, വിമാനം എന്നിങ്ങനെ ഒന്നിലധികം ഗതാഗത മാർഗങ്ങളിലൂടെയാണ്. ഈ മേഖലയിലെ ഏതൊരു ഓപ്പറേറ്റർക്കും ഇതൊരു പ്രധാന വെല്ലുവിളിയാണ്. ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ സൊല്യൂഷൻ ഉപയോഗിക്കുന്നതിലൂടെ റെപ്സോളിന് ഇത്തരം വെല്ലുവിളികൾ മറികടക്കാൻ കഴിയും. ഷിപ്പ്മെൻറ് ട്രാക്കിംഗ്, ഡോക്യുമെൻറ് മാനേജ്മെൻറ്, ചരക്ക് ഓർഡർ സംബന്ധിച്ച തത്സമയ സ്റ്റാറ്റസ് അപ്ഡേറ്റുകൾ എന്നിവയ്ക്കായി ഒരു കേന്ദ്രീകൃത പ്ലാറ്റ് ഫോം ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ സൊല്യൂഷൻ മുഖേന ലഭ്യമാകും.

ലോജിസ്റ്റിക്സിലെ നിർണായക വിവരങ്ങളെ ഒരു കേന്ദ്രീകൃത പ്ലാറ്റ് ഫോമിലേക്ക് സംയോജിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സപ്ലൈ ചെയിൻ ദൃശ്യപരത, കുറഞ്ഞ പരിശ്രമം, ലോജിസ്റ്റിക്സ് വിശ്വാസ്യതയിലെ വർദ്ധനവ് എന്നിവ കൈവരിക്കാൻ റെപ്സോൾ ലക്ഷ്യമിടുന്നു.

റെപ്സോളിൻറെ പെരുവിലെ പ്രവർത്തനങ്ങൾക്കായി പൈലറ്റ് അടിസ്ഥാനത്തിൽ ഐലോജിസ്റ്റിക്സിനെ ഉപയോഗിച്ചതിലൂടെ ലോജിസ്റ്റിക്സ് കാര്യക്ഷമത ഇതിനകം വർദ്ധിച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ ദൃശ്യപരത വർദ്ധിപ്പിക്കാനും പങ്കാളികൾക്കിടയിൽ സഹകരണം വളർത്താനും ഇത് സഹായകമായി.ആഗോള ഊർജ ലോജിസ്റ്റിക്സിലെ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള ഐലോജിസ്റ്റിക്സ് പ്ലാറ്റ് ഫോമിൻറെ സാധ്യതകൾ റെപ്സോളുമായുള്ള പങ്കാളിത്തത്തിലൂടെ കൂടുതൽ വ്യക്തമാകുമെന്ന് ഐബിഎസ് സോഫ്റ്റ് വെയർ റീജിയണൽ ഡയറക്ടർ താരേക് മുറാഡി പറഞ്ഞു. പ്രവർത്തന മികവ് കൈവരിക്കാൻ റെപ്സോളിനെ പ്രാപ്തമാക്കുന്നതിനൊപ്പം ലാറ്റിനമേരിക്കൻ ഊർജ മേഖലയിൽ സമാന നൂതനാശയങ്ങളുടെ ഉദയത്തിന് വേദിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബിസിനസുമായി ബന്ധപ്പെട്ട എല്ലാ മേഖലകളുടേയും നവീകരണത്തിനും പ്രവർത്തന മികവിനും റെപ്സോൾ പ്രതിജ്ഞാബദ്ധമാണെന്ന് റെപ്സോളിലെ ലോജിസ്റ്റിക്സ് മാനേജർ നുമ ടോറസ് മോണോ പറഞ്ഞു. ഞങ്ങളുടെ പ്രാഥമിക ലോജിസ്റ്റിക്സിലെ വിശ്വാസ്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഐബിഎസ് സോഫ്റ്റ് വെയറുമായുള്ള സഹകരണത്തിലൂടെ സാധിക്കും. ഏറ്റവും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ പോലും സുഗമവും സുരക്ഷിതവുമായ പ്രവർത്തനങ്ങൾ ഇതിലൂടെ ഉറപ്പാക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐലോജിസ്റ്റിക്സ് കൺട്രോൾ ടവർ ഉപയോഗപ്പെടുത്തി ഡിജിറ്റൽ പരിവർത്തനം സാധ്യമാക്കുന്ന കമ്പനികളുടെ പട്ടികയിൽ റെപ്സോൾ കൂടി ചേരുന്നത് ശ്രദ്ധേയമാണ്.

ഐബിഎസ് സോഫ്റ്റ് വെയറിൻറെ ഐലോജിസ്റ്റിക്സ് ക്ലൗഡ് ടെക്നോളജി പ്ലാറ്റ് ഫോമിനെക്കുറിച്ച് കൂടുതലറിയാൻ www.ibsplc.com സന്ദർശിക്കുക.

# ആറ്റുകാൽ പൊങ്കാല; മാർച്ച്13ന് തിരുവനന്തപുരം ജില്ലയിൽ അവധി

തിരുവനന്തപുരം: ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല ഉത്സവത്തോടനുബന്ധിച്ച് മാർച്ച് 13ന് തിരുവനന്തപുരം ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും അവധി ആയിരിക്കുമെന്ന് ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു.

പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് 30 വാർഡുകൾ ഉത്സവമേഖലയായി പ്രഖ്യാപിച്ചിരുന്നു. കോർപ്പറേഷൻ പരിധിയിലും വെങ്ങാനൂർ പഞ്ചായത്തിലെ വെള്ളാർ വാർഡിലും പൊങ്കാലയുടെ തലേ ദിവസം വൈകുന്നേരം ആറുമുതൽ പൊങ്കാല ദിവസം വൈകുന്നേരം ആറുവരെ മദ്യനിരോധനം ഏർപ്പെടുത്തും.

13ന് രാവിലെ 10.15ന് പൊങ്കാല അടുപ്പിൽ തീ പകരും. ഉച്ചയ്ക്ക് 1.15ന് പൊങ്കാല നിവേദിക്കും. സബ് കളക്ടർ ഒ.വി ആൽഫ്രഡ് ആണ് പൊങ്കാലയുടെ നോഡൽ ഓഫീസർ.

# നഴ്സിംഗ് കോളജിലെ റാഗിംഗ്; പ്രതികളെ രണ്ട് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു

കോട്ടയം: ഗാന്ധിനഗർ നഴ്സിംഗ് കോളജിലെ റാഗിംഗ് കേസ് പ്രതികളെ രണ്ട് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു. ഏറ്റുമാനൂർ മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി.

മൂന്നാം വർഷ വിദ്യാർഥികളായ കെ.പി.രാഹുൽ രാജ്, സാമുവൽ ജോൺസൺ, എൻ.എസ്.ജീവ, റിജിൽ ജിത്ത്, എൻ.വി.വിവേക് എന്നീ പ്രതികളെയാണ് കസ്റ്റഡിയിൽ വിട്ടത്. ഇവരെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയിട്ടുണ്ട്. പ്രതികളെ കൂടുതൽ ചോദ്യം ചെയ്യും.

പ്രതികളെ കോളജിലും ഹോസ്റ്റലിലും എത്തിച്ച് വീണ്ടും തെളിവെടുക്കും. അന്വേഷണസംഘം നടത്തിയ പരിശോധനയിൽ ഇവരുടെ ഹോസ്റ്റൽ മുറിയിൽ നിന്ന് മാരകായുധങ്ങൾ കണ്ടെത്തിയിരുന്നു.

ക്രൂരറാഗിംഗിന് ഉപയോഗിച്ച കത്തിയും കോമ്പസും ഡമ്പലും കരിങ്കൽ കഷണങ്ങളും മുറിവുകളിൽ ഒഴിക്കാൻ ഉപയോഗിച്ച ലോഷനും കണ്ടെടുത്തിരുന്നു. ഹോസ്റ്റൽ മുറിയിൽ നിന്നും കിട്ടിയ തെളിവുകളും പോലീസ് കോടതിയിൽ ഹാജരാക്കിയിരുന്നു.

ഗ്യാനേഷ്കുമാർ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റു

# പാതിവില തട്ടിപ്പ് കേസ്: അനന്തു കൃഷ്ണനെ ഇന്നു കോടതിയിൽ ഹാജരാക്കും

കൊച്ചി: പാതിവില തട്ടിപ്പ് കേസിൽ കസ്റ്റഡി കാലാവധി അവസാനിച്ചതിനെത്തുടർന്ന് ക്രൈംബ്രാഞ്ച് സംഘം പ്രതി അനന്തു കൃഷ്ണനെ ഇന്ന് കോടതിയിൽ ഹാജരാക്കും. രണ്ട് ദിവസമായി നടന്ന ചോദ്യം ചെയ്യലിലിൽ പോലീസിന് നൽകിയ മൊഴി അനന്തു ക്രൈംബ്രാഞ്ചിനോടും ആവർത്തിച്ചു.

അനന്തുവിന്റെ മൊഴിയുടെ പശ്ചാത്തലത്തിൽ സായിഗ്രാം ഗ്ലോബർ ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എൻ. ആനന്ദകുമാറിനെ ചോദ്യം ചെയ്യാനൊരുങ്ങുകയാണ് അന്വേഷണ സംഘം. അനന്തുവിന്റെ വീട്ടിലും സ്ഥാപനങ്ങളിലും നടത്തിയ പരിശോധനയിൽ ഇരുവരെയും ബന്ധിപ്പിക്കുന്ന നിർണായക ചില വിവരങ്ങൾ ക്രൈംബ്രാഞ്ചിന് ലഭിച്ചതായാണ് വിവരം.

ആനന്ദകുമാറിന് പണം നൽകിയെന്ന് പ്രതി ആവർത്തിച്ചിരുന്നു. ആനന്ദകുമാറിന് രണ്ട് കോടി രൂപ കൈമാറിയെന്നും തട്ടിപ്പിന്റെ സൂത്രധാരൻ ഇദ്ദേഹമാണെന്നുമാണ് അനന്തു വ്യക്തമാക്കിയിട്ടുള്ളത്. നിലവിൽ ആനന്ദകുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതിയുടെ പരിഗണയിലാണ്.

ഈ സാഹചര്യത്തിൽ ചോദ്യം ചെയ്യാൻ വിളിക്കേണ്ടതില്ലെന്ന നിലപാടിലാണ് അന്വേഷണസംഘം തുടരുന്നതെങ്കിലും നടപടി അധികം വൈകിപ്പിക്കേണ്ടതില്ലെന്ന തീരുമാനത്തിലുമാണ് ക്രൈംബ്രാഞ്ച്. മൊഴിയുടെ പശ്ചാത്തലത്തിൽ അനന്തുകൃഷ്ണന്റെയും എൻജിഒ കോൺഫെഡറേഷന്റെയും സാമ്പത്തിക ഇടപാടുകൾ ക്രൈംബ്രാഞ്ച് പരിശോധിച്ചുവരികയാണ്.

# ബ്രൂവറി സംവാദത്തിൽ വി.കെ.ശ്രീകണ്ഠൻ പങ്കെടുക്കുമെന്ന് ചെന്നിത്തല

തിരുവനന്തപുരം: എലപ്പുള്ളിയിലെ ബ്രൂവറി അനുമതി സംബന്ധിച്ച വിവാദത്തിൽ പരസ്യ സംവാദത്തിനുള്ള മന്ത്രി എം.ബി.രാജേഷിന്റെ വെല്ലുവിളി സ്വീകരിച്ച് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. മന്ത്രി തന്നെ സംവാദത്തിന് വെല്ലുവിളിച്ചു എന്ന് കേട്ടു.പാലക്കാട് എംപി വി.കെ.ശ്രീകണ്ഠൻ തനിക്കുവേണ്ടി സംവാദത്തിൽ പങ്കെടുക്കുമെന്ന് ചെന്നിത്തല പ്രതികരിച്ചു.

ഇത് സംബന്ധിച്ച സിപിഎമ്മിന്റെ ഏകപക്ഷീയമായ തീരുമാനത്തിന് പിന്നിൽ അഴിമതിയാണ്. പാലക്കാട് കൃഷിക്ക് പോലും വെള്ളമില്ലാതെ ജനങ്ങൾ പ്രയാസപ്പെടുന്ന സ്ഥലത്ത് മദ്യകമ്പനി കൊണ്ടുവന്നേ മതിയാകു എന്ന വാശി ആർക്കുവേണ്ടിയാണെന്ന് ചെന്നിത്തല ചോദിച്ചു.

സ്വന്തം ഘടക കക്ഷികളെ പോലും വിശ്വാസത്തിൽ എടുക്കാതെയാണ് സിപിഎമ്മിന്റെ ധാർഷ്ട്യം. ഇതിനുപിന്നിലുള്ള അഴിമതിയും കൊള്ളയും പുറത്ത് വന്ന മതിയാകുവെന്ന് ചെന്നിത്തല പറഞ്ഞു. കേരളം വ്യവസായ സൗഹൃദ സംസ്ഥാനം ഒന്നുമല്ലെന്നും ഉള്ള വ്യവസായങ്ങൾ തന്നെ പൂട്ടി പോവുകയാണെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു

# സംസ്ഥാനത്ത് പുതിയ മദ്യ നയം വൈകും, മന്ത്രിസഭാ യോഗം അംഗീകരിച്ചില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് പുതിയ മദ്യനയം വൈകും. ഇന്ന് ചേർന്ന മന്ത്രിസഭായോഗം പുതിയ മദ്യനയം അംഗീകരിച്ചില്ല.

കള്ളു ഷാപ്പുകളുടെ ദൂരപരിധിയിലും ടൂറിസം ഡെസ്റ്റിനേഷൻ ഡ്രൈ ഡേയ്ക്ക് മദ്യം നൽകുന്നതിലും കൂടുതൽ വ്യക്തത വേണമെന്ന് മന്ത്രിസഭാ യോഗത്തിൽ അഭിപ്രായം ഉയർന്നു. കൂടുതൽ വിശദമായ ചർച്ചക്കായി മദ്യനയം മാറ്റി.

ടൂറിസം കേന്ദ്രങ്ങളിലും വിവാഹ പാർട്ടികൾക്കും ഒന്നാം തീയതി ഡ്രൈ ഡേ ദിവസം ഇളവ് അനുവദിക്കുന്നതാണ് പ്രധാനമായും പുതിയ മദ്യ നയം. ബാർ കോഴ ആരോപണത്തെ തുടർന്നാണ് പുതിയ മദ്യനയം നേരത്തെ മാറ്റി വച്ചിരുന്നത്.

# ഫുട്ബോൾ മത്സരത്തിനിടെ കരിമരുന്ന് പ്രയോഗം അനുമതിയില്ലാതെ; കേസെടുത്ത് പൊലീസ്

മലപ്പുറം: അരീക്കോട് സെവൻസ് ഫുട്ബോൾ മത്സരത്തിനിടെ കരിമരുന്ന് പ്രയോഗം നടത്തിയത് അനുമതിയില്ലാതെയെന്ന് പോലീസ്. സംഘാടകർക്കെതിരെ പോലീസ് കേസെടുത്തു.അപകടം നടന്ന ഫുട്ബോൾ ഗ്രൗണ്ടിൽ പോലീസ് ഇന്ന് വിശദമായ പരിശോധന നടത്തും. ചൊവ്വാഴ്ച രാത്രി എട്ടരയോടെയുണ്ടായ അപകടത്തിൽ നാൽപതോളം പേർക്ക് പരിക്കേറ്റിരുന്നു. ആരുടെയും നില ഗുരുതരമല്ല.സെവൻസ് ഫുട്ബോൾ ഫൈനൽ മത്സരത്തിന് മുന്നോടിയായി നടത്തിയ കരിമരുന്ന് പ്രയോഗത്തിനിടെയാണ് പടക്കങ്ങൾ കാണികൾക്കിടയിലേക്ക് തെറിച്ച് പൊട്ടിയത്.

# കോട്ടയം നഴ്സിംഗ് കോളജ് റാഗിംഗ്: പ്രതികളുടെ കസ്റ്റഡി അപേക്ഷ ഇന്നു പരിഗണിക്കും

ഗാന്ധിനഗർ: കോട്ടയം ഗവൺമെൻറ് നഴ്സിംഗ് കോളജിൽ നടന്ന അതിക്രൂര റാഗിംഗ് സംഭവത്തിൽ റിമാൻഡിൽ കഴിയുന്ന പ്രതികൾക്കായി പോലീസ് സമർപ്പിച്ച കസ്റ്റഡി അപേക്ഷ ഇന്നു പരിഗണിക്കും. ഏറ്റുമാനൂർ ഒന്നാംക്ലാസ് മജിസട്രേറ്റ് കോടതിയിൽ തിങ്കളാഴ്ചയാണ് അപേക്ഷ സമർപ്പിച്ചത്. രണ്ടു ദിവസത്തേക്കാണ് കസ്റ്റഡിയിൽ വാങ്ങാൻ അപേക്ഷ നൽകുന്നത്.

കോളജിലെ ഒന്നാം വർഷ വിദ്യാർഥികളെ ഭീകരമായ റാഗിംഗിന് വിധേയമാക്കിയ സീനിയർ വിദ്യാർഥികളായ സിപിഎം അനുകൂല സംഘടന കേരള ഗവൺമെൻറ് സ്റ്റുഡൻറ്സ് നഴ്സസ് അസോസിയേഷൻ (കെജിഎസ്എൻഎ) സംസ്ഥാന ജനറൽ സെക്രട്ടറി മലപ്പുറം വണ്ടൂർ കരുമാറപ്പറ്റ രാഹുൽ രാജ് (22), മൂന്നിലവ് വാളകം കീരിപ്ലാക്കൽ സാമുവൽ ജോൺസൺ (20), വയനാട് നടവയലിൽ പുൽപ്പള്ളി ഞാവലത്ത് ജീവ (19), മലപ്പുറം മഞ്ചേരി പയ്യനാട് കച്ചേരിപ്പടിയിൽ റിജിൽ ജിത്ത് (20), കോരുത്തോട് മടുക്ക നെടുങ്ങാട്ട് വിവേക് (21) എന്നിവരാണ് റിമാൻഡിലുള്ളത്.

കോടതി കസ്റ്റഡി അപേക്ഷ അംഗീകരിച്ചാൽ ഇന്നു തന്നെ പ്രതികളെ തെളിവെടുപ്പിനെത്തിക്കും. കനത്ത സുരക്ഷയിലായിരിക്കും ഇവരെ തെളിവെടുപ്പിനു കോളജിലും ഹോസ്റ്റലിലും കൊണ്ടുവരിക.

# ശശി തരൂരിനെ ക്ഷണിച്ച് ഡിവൈഎഫ്ഐ

തിരുവനന്തപുരം: ഡിവൈഎഫ്ഐ പരിപാടിയിൽ ശശി തരൂർ എംപിക്ക് ക്ഷണം. തിരുവനന്തപുരത്ത് നടക്കാനിരിക്കുന്ന സ്റ്റാർട്ട് അപ് ഫെസ്റ്റിവലിലേക്കാണ് തരൂരിനെ ക്ഷണിച്ചത്.

മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ തിരുവനന്തപുരത്താണ് പരിപാടി.സൂറത്തിൽ പരിപാടി ഉള്ളത് കൊണ്ട് പങ്കെടുക്കാൻ ആകില്ലെന്ന് തരൂർ വ്യക്തമാക്കി. അതേസമയം പരിപാടിക്ക് തരൂർ ആശംസകൾ നേർന്നു.

കേരളത്തിൽ സ്റ്റാർട്ട് അപ്പ് മേഖലയിലെ വളർച്ചയെ പ്രശംസിച്ച് ശശി തരൂർ ഇന്ത്യൻ എക്സ്പ്രസിൽ എഴുതിയ ലേഖനം ഏറെ വിവാദമായ പശ്ചാത്തലത്തിൽ കൂടിയാണ് ഡിവൈഎഫ്ഐയുടെ ക്ഷണം.

കോട്ടയം നഴ്സിംഗ് കോളജ് റാഗിംഗ്: പ്രതികളുടെ കസ്റ്റഡി അപേക്ഷ ഇന്നു പരിഗണിക്കും

# കണ്ണൂരിൽ നവവധു ഭർതൃവീട്ടിൽ മരിച്ച നിലയിൽ

തളിപ്പറമ്പ്: കണ്ണൂരിൽ നവവധുവിനെ ഭർതൃവീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി. തൃക്കരിപ്പൂർ വലിയപറമ്പ് പടന്ന കടപ്പുറം ബിച്ചാരക്കടവ് കളത്തിൽപുരയിൽ നിഖിതയെ (20) ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഭർത്താവ് വൈശാഖിന്റെ പറശിനിക്കടവ് നണിശേരിയിലെ വീട്ടിൽ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്.കഴിഞ്ഞവർഷം ഏപ്രിൽ ഒന്നിനായിരുന്നു ഇവരുടെ വിവാഹം. തളിപ്പറമ്പിലെ സ്വകാര്യ നഴ്സിംഗ് കോളജിൽ ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സിന് പഠിക്കുകയായിരുന്നു നിഖിത.

വൈശാഖ് വിദേശത്താണ്. സുനിൽ, ഗീത ദമ്പതികളുടെ മകളാണ്. ബന്ധുക്കളുടെ പരാതിയിൽ തളിപ്പറമ്പ് പോലീസ് അന്വേഷണം ആരംഭിച്ചു.

# കാറിന്റെ ഗ്ലാസ് തകർത്ത് 3000 രൂപ കവർന്നു; യുവാവ് പിടിയിൽ

തിരുവനന്തപുരം: വിഴിഞ്ഞത്ത് കാറിന്റെ ഗ്ലാസ് തകർത്ത് 3000 രൂപ കവർന്ന പ്രതിയെ നാട്ടുകാർ ചേർന്ന് പിടികൂടി. വിഴിഞ്ഞം ടൗൺ ഷിപ്പ് കോളനിയിൽ ഫൈസൽ (28) ആണ് പിടിയിലായത്. ഇയാളെ പിന്നീട് പോലീസ് അറസ്റ്റ് ചെയ്തു.

വിഴിഞ്ഞം ഹാർബർ റോഡ് സുപ്രിയാ ഭവനിൽ അസ്കർ അഹമ്മദിന്റെ വീടിന് മുന്നിലെ റോഡിൽ പാർക്ക് ചെയ്തിരുന്ന കാറിൽ നിന്നായിരുന്നു മോഷണം. കാറിന്റെ പിൻവശത്തെ ഗ്ലാസ് തകർത്ത് ഉള്ളിലുണ്ടായിരുന്ന പണം മോഷ്ടിക്കുന്നത് ശ്രദ്ധയിൽപെട്ട നാട്ടുകാരാണ് ഇയാളെ പിടികൂടുകയായിരുന്നു.

എന്നാൽ നാട്ടുകാരോട് ഇയാൾ തട്ടിക്കയറിയതോടെ വിഴിഞ്ഞം പോലീസ് എത്തി ഫൈസലിനെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഇയാളെ ബുധനാഴ്ച രാവിലെ കോടതിയിൽ ഹാജരാക്കുമെന്ന് വിഴിഞ്ഞം പോലീസ് പറഞ്ഞു.

# തിരുവനന്തപുരത്ത് യുവാവിനെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച സംഭവം: രണ്ട് പേർ അറസ്റ്റിൽ

തിരുവനന്തപുരം: യുവാവിനെ മൂന്നംഗസംഘം തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ രണ്ടു പേർ അറസ്റ്റിൽ. ആഴാകുളം പെരുമരം വിപിൻ നിവാസിൽ ജിതിൻ (24), പെരുമരം സൂര്യ നിവാസിൽ സൂരജ് (22) എന്നിവരാണ് അറസ്റ്റിലായത്.വിഴിഞ്ഞം ടൗൺഷിപ് സ്വദേശി സഹദ് (25)നാണ് കമ്പി കൊണ്ടുള്ള അടിയിൽ പരിക്കേറ്റത്. കഴിഞ്ഞ ദിവസം ഉച്ചയോടെ സുഹൃത്തുക്കൾക്കൊപ്പം വിഴിഞ്ഞത്തെ ഒരു വർക്ക്ഷോപ്പിനു മുന്നിൽ നിൽക്കവെ സ്കൂട്ടറിലെത്തിയ മൂന്നംഗ സംഘം അസഭ്യം പറയുകയും കമ്പി എടുത്ത് തലയ്ക്ക് അടിക്കുകയുമായിരുന്നെന്നുമാണ് പരാതി. കമ്പി കൊണ്ടുള്ള അടിയ്ൽ തലയുടെ വലതു വശത്ത് അടിയേൽക്കുകയും മുറിവുണ്ടാവുകയും ചെയ്തു.ഒരു കല്യാണ വീട്ടിൽ വച്ച് ഏതാനും മാസം മുൻപ് പ്രതികളിലൊരാളുമായി ഉണ്ടായ തർക്കത്തെ തുടർന്നുള്ള വൈരാഗ്യമാണ് ആക്രമണത്തിന് കാരണമെന്ന് പോലീസ് അറിയിച്ചു. മൂന്നാമനെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും പ്രതിക്കായി അന്വേഷണം നടക്കുകയാണെന്നും പോലീസ് പറഞ്ഞു.

# കാട്ടാനക്കലിയിൽ സംസ്ഥാനത്ത് വീണ്ടും ജീവൻ പൊലിഞ്ഞു

തൃശൂർ: കാട്ടാനക്കലയിൽ സംസ്ഥാനത്ത് വീണ്ടും മനുഷ്യജീവൻ പൊലിഞ്ഞു. ആദിവാസി വിഭാഗത്തിൽപ്പെട്ട പ്രഭാകരൻ എന്ന അറുപതുകാരനെയാണ് കാട്ടാന ചവിട്ടിക്കൊന്നത്. താമരവെള്ളച്ചാൽ മേഖലയിൽ ഇന്ന് രാവിലെയായിരുന്നു സംഭവം.പ്രഭാകരനും മരുമകൻ സുരേന്ദ്രനും ചേർന്ന് കടിനുള്ളിൽ വനവിഭവങ്ങൾ ശേഖരിക്കാൻ പോകുന്നതിനിടെയാണ് കാട്ടാനായാക്രമണം ഉണ്ടാകുന്നത്. സുരേന്ദ്രനെയാണ് ആദ്യം കാട്ടാന ആക്രമിക്കാനെത്തിയത്. ഇയാൾ ഓടി രക്ഷപ്പെടുകയായിരുന്നു. എന്നാൽ പ്രഭാകരന് ഓടി രക്ഷപ്പെടാനായില്ല. വനംവകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകരും സംഭവസ്ഥലത്തേയ്ക്ക് തിരിച്ചു.പീച്ചി ഡാമിന്റെ റിസർവോയറിനോട് ചേർന്ന് കിടക്കുന്ന വനമേഖലയാണ് താമരവെള്ളച്ചാൽ. റിസർവോയറിൽനിന്നു മത്സ്യം പിടിച്ചും വനവിഭവങ്ങൾ ശേഖരിക്കുമാണ് ഇവിടെ ആദിവാസികൾ അവരുടെ ഉപജീവനമാർഗം കണ്ടെത്തുന്നത്. ഇത്തരത്തിൽ രാവിലെ വനവിഭവങ്ങൾശേഖരിക്കാൻ പോയപ്പോഴാണ് പ്രഭാകരനുനേരെ കാട്ടാന ആക്രമണം ഉണ്ടായത്.

# 'പ്രവാസി ഭദ്രത –പേൾ' പദ്ധതി: തൊഴിൽരഹിതരായ പ്രവാസികൾക്ക്

## കുടുംബശ്രീ സി.ഡി.എസുകൾ വഴി രണ്ടു ലക്ഷം വരെ സ്വയംതൊഴിൽ വായ്പ

തിരുവനന്തപുരം: വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ടോ തൊഴിൽ അവസാനിപ്പിച്ചോ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് പ്രവാസി ഭദ്രത-പേൾ പദ്ധതി വഴി ഉപജീവന സംരംഭങ്ങൾ തുടങ്ങാൻ അവസരം. കുടുംബശ്രീ സി.ഡി.എസുകൾ വഴി ഇതിനായി രണ്ടു ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി ലഭിക്കും. കുടുംബശ്രീയും നോർക്ക റൂട്ട്സും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയിൽ സംരംഭകത്വ പരിശീലനം ഉൾപ്പെടെയുള്ള പിന്തുണാ സംവിധാനങ്ങളും ലഭിക്കും.

വായ്പയ്ക്കുള്ള അപേക്ഷ കുടുംബശ്രീ സി.ഡി.എസ് ഓഫീസിൽ ലഭിക്കും. ഇതോടൊപ്പം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിൻറെ വിശദമായ റിപ്പോർട്ടും കുടുംബശ്രീ കുടുംബാംഗമാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രവും കൂടി നൽകണം. സംരംഭങ്ങൾ ആരംഭിച്ച് മൂന്നു മാസങ്ങൾക്ക് ശേഷമായിരിക്കും തിരിച്ചടവ് ആരംഭിക്കുക. രണ്ടു വർഷമാണ് വായ്പയുടെ കാലാവധി. വായ്പാ തുക പലിശയില്ലാതെ തുല്യ ഗഡുക്കളായി അടച്ചാൽ മതിയാകും.2021ൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ ഇതുവരെ 4005 പേർക്ക് വായ്പ നൽകാനും 3241 സംരംഭങ്ങൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

പബ്ളിക് റിലേഷൻസ് ഓഫീസർ കുടുംബശ്രീ

# ചെന്താമരയുടെ ജാമ്യം റദ്ദാക്കി കോടതി

പാലക്കാട്: നെന്മാറ ഇരട്ട കൊലപാതക കേസിലെ പ്രതി ചെന്താമരയുടെ ആദ്യ കൊലപാതക കേസിലെ ജാമ്യം റദ്ദാക്കി. 2019-ൽ പോത്തുണ്ടി സ്വദേശി സജിതയെ കൊലപ്പെടുത്തിയ കേസിലെ ജാമ്യമാണ് റദ്ദാക്കിയത്.പാലക്കാട് സെഷൻസ് കോടതിയുടേതാണ് നടപടി. ഈ കേസിൽ ജാമ്യത്തിലിറങ്ങിയാണ് സജിതയുടെ ഭർത്താവ് സുധാകരനേയും ഭർതൃമാതാവ് ലക്ഷ്മിയേയും ചെന്താമര കൊലപ്പെടുത്തിയത്. 2022-ലാണ് ഇയാൾ ജാമ്യത്തിലിറങ്ങിയത്.ഭാര്യ പിണങ്ങിപ്പോകാൻ കാരണം അയൽവാസികളായ സജിതയും പുഷ്പയുമാണെന്നായിരുന്നു ചൊന്താമരയുടെ വിശ്വാസം. ഇരുവരും കൂടോത്രം നടത്തിയതാണ് ഭാര്യ തന്നിൽ നിന്ന് അകലാൻ കാരണമെന്നും ഇയാൾ വിശ്വസിച്ചിരുന്നു. ഇതിന്റെ വൈരാഗ്യത്തിലായിരുന്നു സജിതയെ ചെന്താമര കൊലപ്പെടുത്തിയത്.